21
2025
ജൂൺ
ശനി
മിഥുനം 7

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.168 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-168 പേജ് 4. വില 2.00 രൂപ

02 സമ്പൂർണ യോഗ സംസ്ഥാനം ലക്ഷ്യം: മന്ത്രി വീണാ ജോർജ്

03 ഇന്ത്യയ്ക്കായി ഇറാൻ വ്യോമപാത തുറന്നു

04 യൂറോപ്യൻ ശക്തികളും ഇറാനും തമ്മിൽ ആണവചർച്ച ഇന്ന്

# കടലാക്രമണം; വൈദികരുടെ നേതൃത്വത്തിൽ സമരം, ഉപവാസം

കൊച്ചി: കണ്ണമാലിയിലെ കടലാക്രമണത്തിന് ശാശ്വത പരിഹാരം വേണമെന്നാവശ്യപ്പെട്ട് വൈദികരുടെ നേതൃത്വത്തിൽ ഉപവാസസമരം. തോപ്പുംപടി ബി.ഒ.ടി പാലത്തിന് സമീപമായിരുന്നു സമരം. ആലപ്പുഴ കൊച്ചി രൂപതയിലെ നൂറിൽ അധികം വൈദികരാണ് ആലപ്പുഴ രൂപത വികാരി ജനറൽ മോൺ. വെരി. റവ. ഡോ. ജോയി പുത്തൻവീട്ടിലിന്റെയും കൊച്ചി രൂപത വികാരി ജനറൽ മോൺ. വെരി. റവ.



വൈദികരുടെ നേതൃത്വത്തിൽ നടന്ന സമരം

ഡോ. ഷൈജു പര്യാത്തുശ്ശേരിയുടെയും നേതൃത്വത്തിൽ ഉപവാസമിരുന്നത്.

വെള്ളിയാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച ഉപവാസ സമരം വൈകുന്നേരം വരെ നീണ്ടു. ആലപ്പുഴ കൊച്ചി രൂപതയിലെ വിശ്വാസ സമൂഹം ജാഥയായി സമര പന്തലിൽ എത്തി ഉപവാസം ഇരുന്ന വൈ?ദികർക്ക് അഭിവാദ്യം അർപ്പിച്ചു. വൻ ജനാവലിയാണ് സമര പന്തലിന് സമീപത്തേക്ക് ഒഴുകിയെത്തിയത്.



# ഭാരതാംബ വിവാദം: ഗവർണർക്കെതിരേ എസ്എഫ്ഐ പ്രതിഷേധം; രാജ്ഭവനിലേക്ക് മാർച്ച്, സംഘർഷം

തിരുവനന്തപുരം: ഭാരതാംബ വിവാദത്തിൽ കേരള ഗവർണർ രാജേന്ദ്ര അർലേക്കർക്കെതിരേ എസ്എഫ്ഐ പ്രതിഷേധം. പ്രവർത്തകർ രാജ്ഭവനിലേക്ക് മാർച്ച് നടത്തി. ബാരിക്കേട് മറികടക്കാൻ ശ്രമിച്ച പ്രവർത്തകർക്കുനേരെ പോലീസ് ജലപീരങ്കി പ്രയോഗിച്ചു. പ്രവർത്തകരും പോലീസും തമ്മിൽ ഉന്തുംതള്ളുമുണ്ടായി.

ഭരണഘടനാ സ്ഥാപനങ്ങളിലും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർവകലാശാലകളിലുമടക്കം ഹിന്ദുത്വ വർഗീയതയുടെ പ്രതീകങ്ങളെ പ്രദർശിപ്പിക്കാനുള്ള ഗവർണറുടെ ഭരണഘടനാവിരുദ്ധ നടപടി പ്രതിഷേധാർഹമാണെന്ന് ചൂണ്ടിക്കാട്ടിയാണ് എസ്എഫ്ഐയുടെ പ്രതിഷേധം.

കഴിഞ്ഞദിവസം രാജ്ഭവനിൽ സ്കൗട്ട് ആൻഡ് ഗൈഡ്സുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച പരിപാടിയിൽ 'ഭാരതാംബ'യുടെ ചിത്രം പ്രദർശിപ്പിച്ചതിനെ തുടർന്ന് മന്ത്രി വി. ശിവൻകുട്ടി ബഹിഷ്കരിച്ചിരുന്നു. അധ്യക്ഷ പ്രസംഗത്തിൽ ഭാരതാംബയുടെ ചിത്രം വെച്ചതിനെ ഗവർണർ ഇരിക്കെത്തന്നെ രൂക്ഷഭാഷയിൽ വിമർശിച്ചശേഷം മന്ത്രി വേദി വിടുകയായിരുന്നു.

പരിപാടിയിൽ ചിത്രംവയ്ക്കില്ലെന്ന് മന്ത്രിക്ക് ഉറപ്പു ലഭിച്ചിരുന്നെന്നും എന്നാൽ പരിപാടിയിൽ പങ്കെടുക്കാൻ മന്ത്രി എത്തിയപ്പോൾ വേദിയിൽ ഭാരതാംബയുടെ ചിത്രത്തിൽ പൂവിട്ട് പൂജിക്കുന്നതാണ് കണ്ടതെന്നും മന്ത്രി ആരോപിച്ചിരുന്നു.

## വിമാനാപകടം; ബ്ലാക്ക്ബോക്സ് അമേരിക്കയിലേക്ക് അയക്കും

ന്യൂഡൽഹി: അഹമ്മദാബാദിൽ തകർന്നു വീണ എയർ ഇന്ത്യ വിമാനത്തിന്റെ ബ്ലാക്ക് ബോക്സ് അമേരിക്കയിലേക്ക് അയച്ചേക്കുമെന്ന് റിപ്പോർട്ട്. അപകടത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ടെന്നും വ്യോമയാന മന്ത്രാലയം ഇക്കാര്യത്തിൽ ഉടൻ തീരുമാനമെടുക്കുമെന്നും കേന്ദ്രം വ്യക്തമാക്കി.

ബ്ലാക്ക് ബോക്സ് വാഷിംഗ്ടണിലെ നാഷണൽ ട്രാൻസ്പോർട്ട് സേഫ്റ്റി ബോർഡിൻറെ ലബോറട്ടറിയിലേക്ക് അയക്കുമെന്നാണ് റിപ്പോർട്ടുകൾ.

# ഗവർണറുടെ ചുമതലകൾ പത്താം ക്ലാസ് പാഠപുസ്തകത്തിൽ ഉൾപ്പെടുത്തും: മന്ത്രി ശിവൻകുട്ടി

തിരുവനന്തപുരം: ഗവർണറുടെ ചുമതലകൾ പാഠ്യ വിഷയമാക്കുമെന്ന് വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി. ഈ വർഷത്തെ പത്താം ക്ലാസ് പാഠപുസ്തകത്തിൽ വിഷയം ഉൾപ്പെടുത്തുമെന്ന് മന്ത്രി അറിയിച്ചു.

ഇത് കൂടാതെ 11, 12 ക്ലാസുകളിലെ പാഠപുസ്തകം പുതുക്കാൻ തീരുമാനിച്ചിട്ടുണ്ട്. പാഠപുസ്തകം പരിഷ്കരിക്കുന്പോൾ ഗവർണറുടെ ഭരണഘടനാപരമായ അധികാരങ്ങൾ സംബന്ധിച്ച വിവരം ഉൾപ്പെടുത്തും.

ഭരണഘടന മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചാണ് സംസ്ഥാനത്തെ പാഠ്യപദ്ധതി പരിഷ്കരിച്ചിട്ടുള്ളത്. ഭാരതാംബയെ വണങ്ങണമെന്ന് ഗവർണർ കുട്ടികളെ ഉപദേശിച്ചത് തിരുത്തണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

വ്യാഴാഴ്ചയാണ് കാവിക്കൊടിയേന്തിയ ഭാരതാംബയുടെ ചിത്രം വച്ചതിനെ തുടർന്ന് രാജ്ഭവനിൽ നടന്ന സ്കൗട്ട് ആൻഡ് ഗൈഡ് സർട്ടിഫിക്കറ്റ് വിതരണ ചടങ്ങ് വിദ്യാഭ്യാസമന്ത്രി വി.ശിവൻകുട്ടി ബഹിഷ്കരിച്ചിരുന്നു. ഭാരതാംബ ചിത്രത്തിൽ പുഷ്പാർച്ചന നടത്തിയതിലും താൻ എത്തുന്നതിന് മുമ്പ് പരിപാടി തുടങ്ങിയതിലും മന്ത്രി പ്രതിഷേധം അറിയിച്ചു. വിദ്യാർഥികൾക്ക് ആശംസ അറിയിച്ച ശേഷം മന്ത്രി പരിപാടിയിൽനിന്ന് ഇറങ്ങിപ്പോവുകയായിരുന്നു.

പിന്നാലെ ശിവൻകുട്ടിക്കെതിരേ രാജ്ഭവൻ രംഗത്തെത്തിയിരുന്നു. മന്ത്രി ഗവർണറെ അപമാനിച്ചെന്നും പ്രോട്ടോകോൾ ലംഘനം നടത്തിയെന്നും രാജ്ഭവൻ അറിയിച്ചു.

ഭരണഘടന അനുസരിച്ച് സത്യപ്രതിജ്ഞ ചെയ്ത മന്ത്രിയാണ് ഗവർണറേയും ഓഫീസിനേയും അപമാനിച്ചത്. മന്ത്രിയുടേത് തെറ്റായ കീഴ്വഴക്കമാണെന്നും രാജ്ഭവൻ വിമർശിച്ചിരുന്നു.

# മണിപ്പൂരിൽ സംഘർഷം; സുരക്ഷാസേനയുടെ വെടിവയ്പ്പിൽ കുക്കി വനിത കൊല്ലപ്പെട്ടു

ഇംഫാൽ: മണിപ്പൂരിൽ വീണ്ടും സംഘർഷം. സുരക്ഷാസേനയുടെ വെടിവയ്പ്പിൽ കുക്കി വനിത കൊല്ലപ്പെട്ടു. ഹോയ്ഖോൾഹിംഗ് എന്ന സ്ത്രീയാണ് മരിച്ചത്.

കുക്കികളും സുരക്ഷാസേനയും തമ്മിലുണ്ടായ ഏറ്റുമുട്ടലിനിടെയാണ് സംഭവം. ചുരാചന്ദ്പൂരിലെ ചിംഗ്ഫെയ് ഗ്രാമത്തിൽ വ്യാഴാഴ്ചയാണ് കുക്കികളും സുരക്ഷാസേനയും തമ്മിൽ ഏറ്റുമുട്ടൽ ഉണ്ടായത്.

മെയ്തെയ് കർഷകർക്ക് നേരെ കുക്കി സംഘം വെടിവച്ചതിന് പിന്നാലെയാണ് ഏറ്റുമുട്ടലുണ്ടായതെന്ന് സുരക്ഷാസേന അറിയിച്ചു. ഒരു കർഷകന് കുക്കികളുടെ വെടിവയ്പ്പിൽ പരിക്കേറ്റിരുന്നു.

ഇതാണ് കുക്കി സംഘവും സുരക്ഷാസേനയും തമ്മിലുള്ള ഏറ്റുമുട്ടലിലേക്ക് നയിച്ചത്. സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ മേഖലയിൽ കൂടുതൽ സുരക്ഷാസേനയെ വിന്യസിച്ചു.

# കൊല്ലത്ത് ഭർത്താവ് ഭാര്യയെ കുത്തിക്കൊലപ്പെടുത്തി

കൊല്ലം: കുളത്തൂപ്പുഴയിൽ ഭർത്താവ് ഭാര്യയെ കുത്തിക്കൊലപ്പെടുത്തി. കുളത്തുപ്പുഴ സ്വദേശിനി രേണുക(36) ആണ് മരിച്ചത്. സംഭവത്തിൽ ഇവരുടെ ഭർത്താവ് സാനുകുട്ടൻ ഒളിവിലാണ്.

ഇന്ന് ഉച്ചയ്ക്ക് പന്ത്രണ്ടോടെയാണ് സംഭവം. ഇരുവരും തമ്മിലുള്ള വഴക്കിനിടെ കൈയിൽ കിട്ടിയ കത്രിക ഉപയോഗിച്ച് രേണുകയുടെ കഴുത്തിനും പുറത്തും കുത്തിപ്പരിക്കേൽപ്പിക്കുകയായിരുന്നു. ഇവരെ ഉടനെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

സാനുവിന് രേണുകയെ സംശയമായിരുന്നുവെന്നും നിരന്തരം ഇതുസംബന്ധിച്ച് ഇവർക്കിടയിൽ പ്രശ്നങ്ങളുണ്ടായിരുന്നെന്നും ബന്ധുക്കൾ പറഞ്ഞു. സംഭവത്തിൽ കുളത്തൂപ്പുഴ പോലീസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

# പീരുമേട്ടിലെ ആദിവാസി സ്ത്രീയുടെ മരണം; പ്രത്യേകസംഘം അന്വേഷിക്കും

ഇടുക്കി: പീരുമേട്ടിലെ ആദിവാസി സ്ത്രീയുടെ മരണം പ്രത്യേക സംഘം അന്വേഷിക്കും. എസ്പിയുടെ നേതൃത്വത്തിലുള്ള സംഘമാണ് അന്വേഷിക്കുക. മരിച്ച സീതയുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ട് ഇതുവരെ കിട്ടിയില്ലെന്ന് ഇടുക്കി എസ്പി ടി.കെ.വിഷ്ണുപ്രദീപ് അറിയിച്ചു.

വനവിഭവങ്ങൾ ശേഖരിക്കാൻ കാട്ടിലെത്തിയ സീതയെ കാട്ടാന ആക്രമിച്ചെന്നാണ് ഭർത്താവായ ബിനു പറഞ്ഞത്. ബിനുവും ഒപ്പമുണ്ടായിരുന്നു. എന്നാൽ സീതയുടെ മരണം കൊലപാതകമാണെന്നാണ് കോട്ടയം ഡിഎഫ്ഒ മാധ്യമങ്ങളോട് പറഞ്ഞത്.

എന്നാൽ സ്ത്രീയുടെ മരണം കാട്ടാന ആക്രമണം മൂലമെന്നാവർത്തിച്ച് ഭർത്താവ് ബിനു രംഗത്തെത്തിയിരുന്നു. തന്നെ ബലിയാട് ആക്കാനുള്ള ശ്രമം നടക്കുകയാണെന്നും പോസ്റ്റുമോർട്ടം ചെയ്ത ഡോക്ടർക്ക് ഇതിൽ പങ്കുണ്ടെന്നും ബിനു ആരോപിച്ചിരുന്നു.

എന്നാൽ ആക്രമണമുണ്ടായെന്ന് പറയുന്ന സ്ഥലത്ത് കാട്ടാനയുടെ സാന്നിധ്യം പോലീസ് സ്ഥിരീകരിച്ചിരുന്നു. ഇതിന് പിന്നാലെയാണ് സംഭവത്തിൽ അന്വേഷണം നടത്താൻ പ്രത്യേക സംഘത്തെ നിയോഗിച്ചത്.





മുഖ്യമന്ത്രി പിണറായി വിജയൻ എസ്.എ.പി ഗ്രൗണ്ടിൽ 241 പുതുയ പോലീസ് വാഹനങ്ങളുടെ ഫ്ലാഗ് ഓഫ് നിർവഹിക്കുന്നു

# രണ്ടുദിവസത്തെ കുതിപ്പിനു ശേഷം താഴെ വീണ് സ്വർണം; 74,000 രൂപയിൽ താഴെ

കൊച്ചി: സംസ്ഥാനത്ത് രണ്ടുദിവസത്തെ കുതിപ്പിനു ശേഷം താഴെവീണ് സ്വർണവില. ഗ്രാമിന് 55 രൂപയും പവന് 440 രൂപയുമാണ് കുറഞ്ഞത്. ഇതോടെ സ്വർണവില ഗ്രാമിന് 9,210 രൂപയിലും പവന് 73,680 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില 45 രൂപ കുറഞ്ഞ് 7,555 രൂപയിലെത്തി.

തുടർച്ചയായ രണ്ടുദിവസത്തെ ഇടിവിനു ശേഷം ബുധനാഴ്ച മുതലാണ് സ്വർണവില വീണ്ടും ഉയർന്നത്. പവന് 400 രൂപയാണ് ബുധനാഴ്ച വർധിച്ചത്. തുടർന്ന് വ്യാഴാഴ്ച 120 രൂപയും ഉയർന്നു. രണ്ടുദിവസം കൊണ്ട് 520 രൂപ വർധിച്ച ശേഷമാണ് ഇന്ന് താഴേക്കു പോയത്.

ഈ മാസം 14ന് ഗ്രാമിന് 25 രൂപയും പവന് 200 രൂപയും വർധിച്ച സ്വർണവില ഗ്രാമിന് 9,320 രൂപയും പവന് 74,560 രൂപയുമെന്ന ചരിത്ര വിലയിലെത്തിയിരുന്നു. തുടർന്ന്, തിങ്കളാഴ്ച പവന് 120 രൂപയും ചൊവ്വാഴ്ച 840 രൂപയുമാണ് കുറഞ്ഞത്.

ജനുവരി 22നാണ് പവൻ വില ആദ്യമായി 60,000 കടന്നത്. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടി.

ഫെബ്രുവരി ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില. നാലിന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന് 62,000 രൂപ പിന്നിട്ടു. തൊട്ടുപിന്നാലെ അഞ്ചിന് 760 രൂപ ഉയർന്ന് 63,000 രൂപയും കടന്നു. പിന്നീട് 11ന് 640 രൂപ ഉയർന്ന് 64,000 രൂപയെന്ന പുതിയ നാഴികക്കല്ലും പിന്നിട്ടു.

മാർച്ച് ഒന്നിന് പവന് 63,440 രൂപയിലാണ് വ്യാപാരം ആരംഭിച്ചത്. പിന്നീട് കയറ്റിറക്കങ്ങൾക്കൊടുവിൽ 14ന് 65,000 രൂപയും 18ന് 66,000 രൂപയും 31ന് 67,000 രൂപയും ഏപ്രിൽ ഒന്നിന് 68,000 പിന്നിടുകയായിരുന്നു. പത്തു ദിവസങ്ങൾക്കു ശേഷം ഏപ്രിൽ 11ന് 69,000 രൂപയും പിന്നാലെ 12ന് 70,000 രൂപയും പിന്നിട്ടു.

ഏപ്രിൽ 17ന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന സ്വർണവില 71,000 രൂപ പിന്നിട്ടു. 21ന് 72,000 രൂപ പിന്നിട്ട സ്വർണവില 22ന് ഒറ്റയടിക്ക് 2,200 രൂപ ഇടിഞ്ഞ് 74,000 എന്ന നാഴികക്കല്ലിലെത്തി.

മേയ് 15ന് 68,880 രൂപയിലേക്ക് ഇടിഞ്ഞ സ്വർണവില പിന്നീട് വർധിക്കുന്ന കാഴ്ചയാണ് കണ്ടത്. ഏഴുദിവസത്തിനിടെ ഏകദേശം മൂവായിരം രൂപ വർധിച്ച് വീണ്ടും സ്വർണവില 72,000 കടന്ന് കുതിക്കുകയായിരുന്നു.

ഓഹരി വിപണിയിലെ ചലനങ്ങളും രാജ്യാന്തര വിപണിയിലെ മാറ്റങ്ങളുമാണ് വിപണിയിൽ പ്രതിഫലിക്കുന്നത്.

ഇറാൻ-ഇസ്രയേൽ സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ കഴിഞ്ഞവാരം രാജ്യാന്തരവില കുതിച്ചുയർന്നതോടെയാണ് കേരളത്തിൽ കഴിഞ്ഞയാഴ്ച സ്വർണവില സർവകാല റിക്കാർഡിലെത്തിയത്. എന്നാൽ നിലവിൽ രാജ്യാന്തരവില ഔൺസിന് 3,373 ഡോളറിൽ നിന്ന് 3,346 ഡോളർ വരെയെത്തി.

അതേസമയം, വെള്ളി വിലയിൽ മാറ്റമില്ല. ഗ്രാമിന് 118 രൂപയിലാണ് വ്യാപാരം പുരോഗമിക്കുന്നത്.

# സമ്പൂർണ യോഗ സംസ്ഥാനം കേരളത്തിന്റെ ലക്ഷ്യം: മന്ത്രി വീണാ ജോർജ്

## യോഗ ക്ലബ്ബുകളിലൂടെ ലക്ഷക്കണക്കിന് പേർക്ക് യോഗ പരിശീലനം നൽകി

*** ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനം**

ഘട്ടം ഘട്ടമായി സമ്പൂർണ യോഗ സംസ്ഥാനം എന്ന പദവിയിലേക്ക് മുന്നേറുകയാണ് ലക്ഷ്യമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഔപചാരികമായ യോഗ പഠനത്തിന് എല്ലാവിധ സൗകര്യങ്ങളും അക്കാദമിക തലത്തിൽ തന്നെ സർക്കാർ ഒരുക്കിയിട്ടുണ്ട്. യോഗയുടെ സ്വീകാര്യത വർധിപ്പിക്കുന്നതോടൊപ്പം പൊതുജനാരോഗ്യം മുൻനിർത്തിക്കൊണ്ട് യോഗ വിപുലീകരിക്കാൻ സംസ്ഥാന ആയുഷ് വകുപ്പും സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ആയുഷ് വകുപ്പിന്റെ കീഴിൽ കേരളത്തിലുടനീളം 780-ൽ പരം യോഗ ക്രേന്ദ്രങ്ങൾ ഇന്ന് നിലവിലുണ്ട്. ഇത് കൂടാതെ 10,000ലധികം ആയുഷ് യോഗ ക്ലബ്ബുകളും സ്ഥാപിച്ചിട്ടുണ്ട്. 700 ആയുഷ് ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ, യോഗ വെൽനെസ് കേന്ദ്രങ്ങൾ, പ്രത്യേക ആയുഷ് ജീവിതശൈലീ രോഗ ക്ലിനിക്കുകൾ, ആയുഷ് ഗ്രാമങ്ങൾ, യോഗ ക്ലബ്ബുകൾ തുടങ്ങിയവയിലൂടെ കേരളത്തിൽ ലക്ഷക്കണക്കിന് ജനങ്ങൾക്ക് യോഗ പരിശീലനത്തിനുള്ള സൗകര്യം സർക്കാർ തലത്തിൽ ഒരുക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

ജീവിതശൈലീ രോഗങ്ങൾ കുറയ്ക്കുന്നതിനും അതിന്റെ വ്യാപനം പിടിച്ചു നിർത്തുന്നതിനും യോഗ ഏറ്റവും നല്ല ഉപാധിയാണ്. കഴിഞ്ഞ യോഗ ദിനം മുതൽ സംസ്ഥാനത്തെമ്പാടും ആരംഭിച്ച 10,000ലധികം ആയുഷ് യോഗ ക്ലബ്ബുകളിലൂടെ ലക്ഷക്കണക്കിന് പേർ യോഗ പരിശീലനം നടത്തി. ഓരോ യോഗ ക്ലബ്ബിലും 50തോളം പേരാണ് യോഗ പരിശീലനം നേടിയത്. ഇതിലൂടെ അവരുടെ ആരോഗ്യത്തിൽ പ്രകടമായ മാറ്റമുണ്ടാക്കാൻ സാധിച്ചു.

'ഏക ലോകം, ഏകാരോഗ്യം യോഗയിലൂടെ' (ഥീഴമ ളീ ഛില ഋമൃവേ, ഛില ഒലമഹവേ) എന്നതാണ് ഈ വർഷത്തെ യോഗാദിനാചരണത്തിന്റെ പ്രമേയം. ആയുഷ് ദിനാചരണത്തിന്റെ ഭാഗമായി ആയുഷ് യോഗ ക്ലബ്ബുകൾ വഴിയും സർക്കാരിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ വഴിയും പ്രത്യേക യോഗ സെഷനുകൾ സംഘടിപ്പിക്കും. സർക്കാരിന്റെ കീഴിലുള്ള 700 ആയുഷ് ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങളിൽ ഇതിനായി പ്രത്യേക പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഈ 700 കേന്ദ്രങ്ങളിലും യോഗ ഹാൾ നിലവിൽ വന്നിട്ടുണ്ട്.

സ്വാസ്ഥ്യ പദ്ധതി പ്രകാരം ഗർഭിണികൾ, സ്കൂൾ കുട്ടികൾ, കൗമാരക്കാർ, വയോജനങ്ങൾ തുടങ്ങിയ വിഭാഗങ്ങൾക്ക് മാനസിക ശാരീരിക ആരോഗ്യം മെച്ചപ്പെടുത്താൻ പ്രത്യേകമുള്ള യോഗ പരിശീലനം ആയുഷ് ഹെൽത്ത് & വെൽനെസ്സ് സെന്ററുകളിൽ നിന്ന് ലഭ്യമാക്കുന്നുണ്ട്.

വർക്കലയിൽ സ്ഥിതി ചെയ്യുന്ന യോഗ നാച്ചുറോപ്പതി ആശുപത്രി വികസിപ്പിച്ച് ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ ഹെൽത്ത് ടൂറിസം മെച്ചപ്പെടുത്താനും ഇത്തരം സംവിധാനങ്ങൾ സഹായിക്കും.

# അടുത്ത ഏഴുദിവസം മഴയ്ക്ക് സാധ്യത

തിരുവനന്തപുരം: സംസ്ഥാനത്ത് അടുത്ത ഏഴുദിവസം മഴയ്ക്ക് സാധ്യത. ഞായറാഴ്ച മുതൽ വ്യാഴാഴ്ച വരെ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. കനത്ത മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് വിവിധ ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

ഞായറാഴ്ച ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും യെല്ലോ അലർട്ടാണ്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.

ബിഹാറിന് മുകളിലായി ന്യൂനമർദ്ദം സ്ഥിതിചെയ്യുന്നുണ്ട്. വടക്കുകിഴക്കൻ രാജസ്ഥാന് മുകളിൽ ചക്രവാതച്ചുഴിയും സ്ഥിതിചെയ്യുന്നു. ഈ സാഹചര്യത്തിലാണ് ഏഴുദിവസം മഴ ശക്തമാകുന്നത്.

അതേസമയം, കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് തടസമില്ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

ചൊവ്വാഴ്ച വരെ മധ്യ പടിഞ്ഞാറൻ അറബിക്കടൽ, അതിനോട് ചേർന്ന മധ്യ കിഴക്കൻ വടക്കൻ- തെക്കുപടിഞ്ഞാറൻ അറബിക്കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 65 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ട്.

ഞായറാഴ്ച വരെ മധ്യ പടിഞ്ഞാറൻ അറബിക്കടലിൻറെ കിഴക്കൻ ഭാഗങ്ങൾ, അതിനോട് ചേർന്ന മധ്യ കിഴക്കൻ അറബിക്കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 65 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

ഇന്ന് മധ്യ കിഴക്കൻ അറബിക്കടൽ, അതിനോട് ചേർന്ന വടക്ക് - കിഴക്കൻ അറബിക്കടൽ, മധ്യ പടിഞ്ഞാറൻ അറബിക്കടൽ, ഗുജറാത്ത്, കൊങ്കൺ, വടക്കൻ ആന്ധ്രപ്രദേശ്, അതിനോട് ചേർന്ന തെക്കൻ ആന്ധ്ര പ്രദേശ് തീരം, അതിനോട് ചേർന്ന മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 60 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നല്കി.

# കോഴിക്കോട് മെഡിക്കൽ കോളേജ്: എച്ച്.ഐ.വി. ടെസ്റ്റിങ് ലബോറട്ടറിയ്ക്ക് എൻ.എ.ബി.എൽ. അംഗീകാരം

സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ കീഴിൽ കോഴിക്കോട് മെഡിക്കൽ കോളേജ് മൈക്രോബയോളജി വിഭാഗത്തിൽ പ്രവർത്തിക്കുന്ന എച്ച്.ഐ.വി. ടെസ്റ്റിങ് ലബോറട്ടറിയ്ക്ക് ഐ.എസ്.ഒ.: 15189-2022 സ്റ്റാൻഡേർഡ്സ് പ്രകാരം എൻ.എ.ബി.എൽ. അംഗീകാരം ലഭിച്ചു. 2024 മുതൽ മുൻകാല പ്രാബല്യത്തോടെ ഏറ്റവും ആധുനികമായ ഐ.എസ്.ഒ.: 15189-2022 നിലവാരത്തിലുള്ള എൻ.എ.ബി.എൽ. അംഗീകാരമാണ് ലഭിച്ചിട്ടുള്ളത്. മികച്ച പ്രവർത്തനം നടത്തുന്ന മെഡിക്കൽ കോളേജ് ടീമിനെ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

എച്ച്.ഐ.വി. ടെസ്റ്റിങ് ലബോറട്ടറിയിൽ രോഗികൾക്ക് ഒ.പി. ടിക്കറ്റോ മറ്റു റഫറലുകളോ ഇല്ലാതെ സൗജന്യമായി എച്ച്.ഐ.വി. ടെസ്റ്റിങ് ചെയ്തു കൊടുക്കുന്നു. എച്ച്.ഐ.വി. പോസിറ്റീവായ രോഗികൾക്ക് തുടർ ചികിത്സയ്ക്ക് അനിവാര്യമായിട്ടുള്ള സി.ഡി. 4 ടെസ്റ്റിങ്ങും വൈറൽലോഡ് ടെസ്റ്റിങ്ങും തികച്ചും സൗജന്യമാണ്. ഐ.എസ്.ഒ.:15189-2022 നിലവാരത്തിലുള്ള എൻ.എ.ബി.എൽ. അംഗീകാരമുള്ളതിനാൽ ഇവിടെ നിന്നും രോഗികൾക്ക് ലഭിക്കുന്ന റിപ്പോർട്ടുകൾക്ക് അന്താരാഷ്ട്ര അംഗീകാരം ഉള്ളതാണ്.

വിവിധ രോഗങ്ങളുടെ പരിശോധനയ്ക്കുള്ള വിപുലമായ ലാബ് സംവിധാനമാണ് കോഴിക്കോട് മെഡിക്കൽ കോളേജിനുള്ളത്. നിപ ഉൾപ്പെടെയുള്ള വിവിധ വൈറസുകളെ കണ്ടെത്താനുള്ള റീജിയണൽ വൈറസ് റിസർച്ച് ആന്റ് ഡയഗ്നോസ്റ്റിക് ലബോറട്ടറി (വി.ആർ.ഡി.എൽ) പ്രവർത്തിച്ചു വരുന്നു. രാജ്യത്തെ 10 റീജിയണൽ വൈറസ് റിസർച്ച് ആന്റ് ഡയഗ്നോസ്റ്റിക് ലബോറട്ടറികളിൽ ഒന്നാണ് കോഴിക്കോട്ടെ ഈ ലാബ്. നിപ പരിശോധനയ്ക്കുള്ള ആർടിപിസിആർ സംവിധാനങ്ങളുൾപ്പെടെ ഇവിടെ സജ്ജമാണ്. ബി.എസ്.എൽ. ലെവൽ 3 ലാബ് നിർമ്മാണത്തിലാണ്.

പ്രിൻസിപ്പാൾ ഡോ. സജിത്കുമാറിന്റെ ഏകോപനത്തിൽ മൈക്രോബയോളജി വിഭാഗം മേധാവി ഡോ. അനിത പി.എം., ഡെപ്യൂട്ടി ക്വാളിറ്റി മാനേജർ ഇന്ദു പി, ക്വാളിറ്റി മാനേജർ ഡോ. ഷീന കെ, മെഡിക്കൽ ഓഫിസർമാരായ ഡോ. മായ സുധാകരൻ, ഡോ. മിനി, ഡോ. ഫൈറോസ് സിപി, ഡോ. ജയേഷ് ലാൽ, കൗൺസിലർമാരായ ദീപക് മോഹൻ, ലിജി പി, റസീന എം. ടെക്നീഷ്യൻമാരായ ഇന്ദു കെ, ബവിഷ പി,സുജിന പി.കെ, രമ ടി.ടി, സജ്ന സി. എന്നിവരടങ്ങുന്നതാണ് ടീം.

# റേഷൻ മണ്ണെണ്ണ വിതരണം ജൂൺ 21 മുതൽ ആരംഭിക്കും: മന്ത്രി ജി ആർ അനിൽ

സംസ്ഥാനത്ത് റേഷൻകടകൾ വഴിയുള്ള മണ്ണെണ്ണ വിതരണത്തിനുള്ള നടപടികൾ പൂർത്തിയായതായി ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ജൂൺ 21 മുതൽ വിതരണം ആരംഭിക്കും. എ.എ.വൈ കാർഡുകാർക്ക് 1 ലിറ്ററും മറ്റുകാർഡുകാർക്ക് അര ലിറ്റർ വീതവുമാണ് മണ്ണെണ്ണ ലഭിക്കുക. ലിറ്ററിന് 61 രൂപയാണ് വില. വൈദ്യുതി കണക്ഷൻ ഇല്ലാത്ത കാർഡുകൾക്ക് (ചജ കാർഡ്) (ഏത് വിഭാഗമായാലും) 6 ലിറ്റർ മണ്ണെണ്ണ ലഭിക്കും. മണ്ണെണ്ണ മൊത്ത വ്യാപാരികളുടെയും റേഷൻ വ്യാപാരികളുടെയും സംഘടനാ പ്രതിനിധികളുമായി നടന്ന ചർച്ചയിൽ ഇതുസംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊണ്ടുവെന്ന് മന്ത്രി അറിയിച്ചു.

ജൂൺ 30ന് അവസാനിക്കുന്ന 2025-26 വർഷത്തിന്റെ ആദ്യപാദത്തിലേയ്ക്ക് 5,676 കിലോ ലിറ്റർ മണ്ണെണ്ണയാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്. സംസ്ഥാനത്തിനുള്ള മണ്ണെണ്ണ കഴിഞ്ഞ കുറച്ചു വർഷങ്ങളായി കേന്ദ്രസർക്കാർ കുറവ് ചെയ്തുവരികയായിരുന്നു. മണ്ണെണ്ണ വിഹിതത്തിലെ കുറവ് മൂലം മൊത്തവ്യാപാര ഡിപ്പോകൾ പലതും ഒരു വർഷത്തിലധികമായി പ്രവർത്തനരഹിതമായി. 2023-24 ൽ ഒരു പാദത്തിലേയ്ക്ക് (3 മാസം) 1944 കിലോ ലിറ്റർ മാത്രമാണ് അനുവദിച്ചത്. 2024-25 ൽ 780 കിലോ ലിറ്റർ ആയി ചുരുക്കി. കടത്തുകൂലിയിലെയും റീട്ടെയിൽ കമ്മിഷനിലെയും നിരക്ക് കാലാനുസൃതമായി പുതുക്കാത്തതിനാൽ മൊത്തവ്യാപാരികളും റേഷൻ ഡീലർമാരും മണ്ണെണ്ണ വിട്ടെടുത്ത് വിതരണം ചെയ്യാൻ വിമുഖത കാണിക്കുകയും ചെയ്തിരുന്നു. ഇത് സംസ്ഥാനത്തെ റേഷൻകടകൾ വഴിയുള്ള മണ്ണെണ്ണ വിതരണത്തിൽ പ്രയാസങ്ങൾ സൃഷ്ടിച്ചിരുന്നു. സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ആവശ്യത്തെ തുടർന്നാണ് ഈ വർഷത്തെ ആദ്യ പാദത്തിൽ 5,676 കിലോ ലിറ്റർ അനുവദിച്ചിട്ടുള്ളത്.

പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ ശുപാർശ പ്രകാരം സംസ്ഥാനത്തെ പി.ഡി.എസ്. സബ്സിഡി, നോൺ-സബ്സിഡി മണ്ണെണ്ണ വിട്ടെടുത്ത് വിതരണം ചെയ്യുന്ന മൊത്തവ്യാപാരികൾക്കുള്ള കടത്തുകൂലിയും റേഷൻ വ്യാപാരികൾക്കുള്ള റീട്ടെയിൽ കമ്മിഷനും വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായിരുന്നു. മൊത്തവ്യാപാരികൾക്കുള്ള കടത്തുകൂലി ആദ്യത്തെ 40 കിലോമീറ്റർ വരെ കിലോ ലിറ്ററിന് 500 രൂപയും അതിനുശേഷമുള്ള ഓരോ കിലോമീറ്ററിനും 5 രൂപയും ആയിട്ടാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. ഇത് നിലവിൽ 238 രൂപയും 3.75 രൂപയുമായിരുന്നു. മണ്ണെണ്ണ ചില്ലറ വിതരണം നടത്തുന്ന റേഷൻവ്യാപാരികൾക്കുള്ള കമ്മിഷൻ ലിറ്ററിന് 3.70 രൂപയിൽ നിന്നും 6 രൂപയാക്കി ഉയർത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. രണ്ട് വർദ്ധനവുകൾക്കും 2025 ജൂൺ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

# എസ്ഐയെ കാറിടിപ്പിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസ്; ഒന്നാംപ്രതി കീഴടങ്ങി

കൊച്ചി: കല്ലൂർക്കാട് എസ്ഐയെ കാറിടിപ്പിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ ഒന്നാംപ്രതി ഷെരീഫ് ഷംസുദ്ദീൻ കീഴടങ്ങി. മൂവാറ്റുപുഴ ഒന്നാം ക്ലാസ് മജിസ്ട്രേറ്റിന് മുന്നിലാണ് കീഴടങ്ങിയത്. കേസിൽ ഇനി ഒരാൾ കൂടി കീഴടങ്ങാനുണ്ട്. ഇയാൾക്കായുള്ള തെരച്ചിൽ ഊർജിതമായി തുടരുകയാണ്.

ശനിയാഴ്ചയാണ് കേസിനാസ്പദമായ സംഭവം. വാഹനപരിശോധനയ്ക്കിടെ എറണാകുളം കല്ലൂർക്കാട് പൊലീസ് സ്റ്റേഷനിലെ എസ് ഐ ഇ. എം. മുഹമ്മദിനെയാണ് പ്രതികൾ വണ്ടി കയറ്റി കൊല്ലാൻ ശ്രമിച്ചത്. രണ്ടുപേരാണ് വാഹനത്തിൽ ഉണ്ടായിരുന്നത്. വാഹനം പരിശോധിക്കാൻ ശ്രമിച്ച എസ് ഐയെ പ്രതികൾ ഇടിച്ചു തെറിപ്പിക്കുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ എസ് ഐ തൊടുപുഴയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്.

# ഹരിതകർമ്മ സേനാംഗങ്ങൾക്ക് ഇലക്ട്രിക് ട്രൈസൈക്കിളുകൾ

തിരുവനന്തപുരം നഗരസഭയിലെ ഹരിതകർമ്മ സേനാംഗങ്ങൾക്ക് വീടുകളിൽ നിന്നും അജൈവ മാലിന്യം ശേഖരിച്ചു സംഭരണ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനായി ചിലവ് കുറഞ്ഞ ഇലക്ട്രിക് ട്രൈസൈക്കിളുകൾ ലഭ്യമാക്കി.

കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ (കെ-ഡിസ്ക്) ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരാശയം പദ്ധതിയുടെ ഭാഗമായി സോഷ്യൽ ആൽഫ, യൂണിവേഴ്സിറ്റി ഓഫ് ടൊറന്റോ ഇന്ത്യ ഫൗണ്ടേഷൻ, കില എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 'ഇന്നൊവേഷൻസ് ഇൻ സസ്റ്റൈനബിൾ അർബൻ ട്രാൻസിഷൻ' എന്ന വിഷയ മേഖലയിൽ സംഘടിപ്പിച്ച ഇന്നൊവേഷൻ ചലഞ്ചിലൂടെ കണ്ടെത്തിയ നൂതനാശയമാണ് ചിലവ് കുറഞ്ഞ ഇലക്ട്രിക് ട്രൈസൈക്കിളുകൾ. ആക്സിലെറോ വെഹിക്കിൾസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്റ്റാർട്ടപ്പ് ആണ് ഇതിന്റെ നിർമ്മാതാക്കൾ. പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയിൽ 15 വാർഡുകളിലായി 15 ഇലക്ട്രിക് ട്രൈസൈക്കിളുകൾ വിതരണം ചെയ്യും. ഈ പദ്ധതിയുടെ താക്കോൽ കൈമാറ്റം കർമ്മം മേയർ ആര്യ രാജേന്ദ്രൻ ജൂൺ 20 ന് നഗരസഭാ അങ്കണത്തിലുള്ള ഇ.എം.എസ് ഓഡിറ്റോറിയത്തിൽ നിർവ്വഹിച്ചു. ഹരിതകർമ്മ സേന അംഗങ്ങൾക്ക് ജോലിഭാരം കുറയ്ക്കുവാനും സമയം ലാഭിക്കുവാനും ഇതുവഴി വരുമാന വർദ്ധനവിനും സാധിക്കും. ഓരോ വാർഡിലെയും രണ്ട് വീതം ഹരിതകർമ്മ സേനാംഗങ്ങൾക്ക് വാഹനം ഓടിക്കുന്നതിന് ഒരു മാസത്തെ പരിശീലനം പുത്തരിക്കണ്ടം മൈതാനത്ത് വച്ച് നൽകിയിരുന്നു.

എട്ട് മണിക്കൂർ ഫുൾ ചാർജിൽ, 30 മുതൽ 40 കിലോമീറ്റർ വരെ ദൂരം ഓടിക്കാൻ സാധിക്കും. 18 സാ/വ ആണ് വാഹനത്തിന്റെ പരമാവധി വേഗത. രണ്ട് യൂണിറ്റ് വൈദ്യുതി മാത്രമാണ് ഇതിന് ആവശ്യമായി വരുന്നത്.

# ആക്സിയം 4 ദൗത്യം: അനിശ്ചിതത്വം തുടരുന്നു; വിക്ഷേപണം വീണ്ടും മാറ്റിവച്ചു

ഫ്ളോറിഡ: പലകുറി മാറ്റിവച്ച ആക്സിയം 4 ബഹിരാകാശ ദൗത്യം സംബന്ധിച്ച് അനിശ്ചിതത്വം തുടരുന്നു. ജൂൺ 22ന് നിശ്ചയിച്ചിരുന്ന വിക്ഷേണംവീണ്ടും നീട്ടി. അതേസമയം, പുതിയ തീയതി നാസ പ്രഖ്യാപിച്ചിട്ടില്ല.ആക്സിയം മിഷൻ-4 വിക്ഷേപണ സാധ്യതകൾ പരിശോധിച്ച് വരികയാണെന്നും പുതിയ വിക്ഷേപണ തീയതി പിന്നീട് നിശ്ചയിക്കുമെന്നുമാണ് നാസ അറിയിച്ചത്. അറ്റകുറ്റപ്പണികൾക്ക് ശേഷം, ബഹിരാകാശ നിലയത്തിൻറെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് കൂടുതൽ സമയം ആവശ്യമാണ്. ദൗത്യ സംഘത്തെ സ്വീകരിക്കാൻ അന്താരാഷ്ട്ര ബഹിരാകാശ നിലയം തയാറാണെന്ന് ഉറപ്പാക്കാൻ നാസ ആഗ്രഹിക്കുന്നുവെന്നും ഇതുമായി ബന്ധപ്പെട്ട് വിവരങ്ങൾ പരിശോധിക്കാൻ സമയം ആവശ്യമാണെന്നും നാസ വാർത്താക്കുറിപ്പിൽ അറിയിച്ചു.

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് ഇന്ത്യൻ വ്യോമസേന ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ല അടക്കം നാലുപേരെ വഹിച്ചുകൊണ്ടുള്ള ദൗത്യമാണ് ആക്സിയം 4. അമേരിക്കൻ സ്വകാര്യ കമ്പനിയായ ആക്സിയം സ്പേസ്, നാസയും സ്പേസ് എക്സുമായി സഹകരിച്ചാണ് ഈ ദൗത്യം നടത്തുന്നത്.

ബഹിരാകാശരംഗത്തെ ഇന്ത്യ-നാസ സഹകരണത്തിൻറെ ഭാഗമായാണു 39കാരനായ ശുഭാംശു ശുക്ല ആക്സിയം 4 ദൗത്യത്തിൽ ബഹിരാകാശത്തേക്കു പോകാൻ കാത്തിരിക്കുന്നത്. ശുഭാംശു ശുക്ലയ്ക്കു പുറമെ മിഷൻ കമാൻഡർ പെഗ്ഗി വിറ്റ്സൺ (യുഎസ്എ), സ്ലാവോസ് ഉസ്നാൻസ്കി-വിസ്നിയേവ്സ്കി (പോളണ്ട്), ടിബോർ കപു (ഹംഗറി) എന്നിവരാണ് ആക്സിയം 4 ദൗത്യത്തിലെ മറ്റ് അംഗങ്ങൾ.

ആക്സിയം 4 ദൗത്യ സംഘത്തെ വഹിച്ചുള്ള ഡ്രാഗൺ പേടകം സ്പേസ് എക്സിൻറെ ഫാൽക്കൺ 9 റോക്കറ്റിൽ മേയ് 29ന് ഫ്ലോറിഡയിലെ കെന്നഡി സ്പേസ് സെൻററിൽനിന്നു വിക്ഷേപിക്കാനാണ് ആദ്യം തീരുമാനിച്ചിരുന്നത്. ഇതിനു ശേഷം ജൂൺ 8, 10, 11 തീയതികളിലും നിശ്ചയിച്ചെങ്കിലും ദൗത്യം നടന്നില്ല.

ആദ്യം കാലവസ്ഥാപ്രശ്നങ്ങളും പിന്നീട് ഫാൽക്കൺ 9 റോക്കറ്റിൽ ദ്രവീകൃത ഓക്സിജൻ ചോർച്ച കണ്ടെത്തിയതും ദൗത്യം വൈകിപ്പിച്ചു. ബഹിരാകാശ നിലയത്തിലെ റഷ്യൻ മൊഡ്യൂളിൽ മർദവ്യതിയാനം കണ്ടെത്തിയത് ദൗത്യം വൈകാൻ ഒടുവിൽ കാരണമായി. വിക്ഷേപണം വൈകിയതോടെ നിലവിൽ ശുഭാംശു ശുക്ലയും സംഘവും ക്വാറൻറൈനിൽ തുടരുകയാണ്.



ടെക്നോപാർക്ക് ഐടി ജീവനക്കാരുടെ ക്ഷേമ സംഘടനയായ പ്രതിധ്വനിയുടെ സിഎംഡിആർഎഫിലേക്കുള്ള സംഭാവന മുഖ്യമന്ത്രി പിണറായി വിജയൻ പ്രതിധ്വനി സംസ്ഥാന കൺവീനർ രാജീവ് കൃഷ്ണനിൽ നിന്നും സ്വീകരിക്കുന്നു. മന്ത്രിമാരായ എം.ബി രാജേഷ്, ഒ.ആർ കേളു, കെ. രാജൻ, കെ. കൃഷ്ണൻകുട്ടി, ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക്, വയനാട് ടൗൺഷിപ്പ് പ്രോജക്ട് സ്പെഷ്യൽ ഓഫീസർ എസ്. സുഹാസ് തുടങ്ങിയവർ സമീപം.

# വയനാട് ടൗൺഷിപ്പിനായി ടെക്നോപാർക്കിലെ പ്രതിധ്വനി 28.66 ലക്ഷം രൂപ നൽകി

തിരുവനന്തപുരം: വയനാട് ചൂരൽമല, മുണ്ടക്കൈ ഉരുൾപൊട്ടൽ പുനരധിവാസ പ്രവർത്തനങ്ങൾക്കായി ടെക്നോപാർക്കിലെ ഐടി ജീവനക്കാരുടെ ക്ഷേമ സംഘടനയായ പ്രതിധ്വനി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് (സിഎംഡിആർഎഫ്) 28,66,918 രൂപ സംഭാവന ചെയ്തു.

മുഖ്യമന്ത്രി പിണറായി വിജയന് അദ്ദേഹത്തിൻറെ ഓഫീസിൽ വെച്ച് പ്രതിധ്വനി സംസ്ഥാന കൺവീനർ രാജീവ് കൃഷ്ണൻ ദുരിതാശ്വാസ ഫണ്ട് കൈമാറി. തദ്ദേശ സ്വയംഭരണ, എക്സൈസ് മന്ത്രി എം.ബി രാജേഷ്, പട്ടികജാതി പട്ടികവർഗ പിന്നാക്കക്ഷേമ മന്ത്രി ഒ.ആർ കേളു, റവന്യൂ ഭവന നിർമ്മാണ മന്ത്രി കെ. രാജൻ, വൈദ്യുതി മന്ത്രി കെ. കൃഷ്ണൻകുട്ടി, ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക്, വയനാട് ടൗൺഷിപ്പ് പ്രോജക്ട് സ്പെഷ്യൽ ഓഫീസർ എസ്. സുഹാസ്, തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അനുപമ ടി.വി എന്നിവർ സന്നിഹിതരായിരുന്നു.

കേരളത്തിലെ 1156 ഐ.ടി ജീവനക്കാരാണ് വയനാട് ടൗൺഷിപ്പിനായുള്ള പ്രതിധ്വനിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് സംഭാവന ചെയ്തത്. തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർ പാർക്ക് എന്നീ പ്രതിധ്വനി യൂണിറ്റുകളുടെ നേതൃത്വത്തിലാണ് ഫണ്ട് സമാഹരിച്ചത്. പ്രതിധ്വനി സമാഹരിച്ച തുകയിൽ 20 ലക്ഷം രൂപ ടൗൺഷിപ്പിൽ ഒരു വീട് നിർമ്മിക്കുന്നതിനും 8.67 ലക്ഷം രൂപ ടൗൺഷിപ്പിൽ മറ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനും വിനിയോഗിക്കും.

ടെക്നോപാർക്കിലെ പ്രതിധ്വനിയുടെ പ്രസിഡൻറ് വിഷ്ണു രാജേന്ദ്രൻ, മറ്റ് ഭാരവാഹികളായ രാഹുൽ ചന്ദ്രൻ, സനീഷ് കെ.പി, പ്രശാന്തി പി.എസ് എന്നിവർ പ്രതിധ്വനിയെ പ്രതിനിധീകരിച്ച് ചടങ്ങിൽ പങ്കെടുത്തു.

# ഇന്ത്യയ്ക്കായി ഇറാൻ വ്യോമപാത തുറന്നു, ആദ്യ ബാച്ച് വിദ്യാർഥികൾ ഇന്ന് ഡൽഹിയിലെത്തും

ന്യൂഡൽഹി: ഇസ്രയേൽ-ഇറാൻ സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ ഇറാനിലുള്ള പൗരന്മാരെ ഒഴിപ്പിക്കുന്ന നടപടികളുമായി ഇന്ത്യ മുന്നോട്ട്. ഇന്ത്യൻ വിമാനങ്ങൾക്ക് മാത്രമായി ഇറാൻ അടച്ചിട്ട വ്യോമപാത തുറന്നു.

ഇന്ത്യൻ വിദ്യാർഥികളുമായി ഇറാനിൽനിന്നുള്ള ആദ്യ വിമാനം ഇന്ന് രാത്രി 11:00ന് ഡൽഹിയിലെത്തും. രണ്ടാമത്തെയും മൂന്നാമത്തെയും വിമാനങ്ങൾ യഥാക്രമം ശനിയാഴ്ച രാവിലെയും വൈകുന്നേരവുമാണ് ഷെഡ്യൂൾ ചെയ്തിരിക്കുന്നത്.

സംഘർഷബാധിത ഇറാനിയൻ നഗരങ്ങളിൽ കുടുങ്ങിക്കിടക്കുന്ന 1,000 ഇന്ത്യൻ വിദ്യാർഥികൾ സർക്കാരിൻറെ അടിയന്തര ഒഴിപ്പിക്കൽ പദ്ധതിയായ ഓപ്പറേഷൻ സിന്ധുവിൻറെ ഭാഗമായി അടുത്ത രണ്ട് ദിവസത്തിനുള്ളിൽ ഡൽഹിയിലെത്തുമെന്നാണ് പതീക്ഷിക്കുന്നത്. ഇസ്രയേലി, ഇറാനിയൻ സേനകൾ ആക്രമണങ്ങൾ തുടരുന്നതിനാൽ ഇറാൻ വ്യോമാതിർത്തി അടച്ചിട്ടിരിക്കുകയായിരുന്നു. വിദ്യാർഥികളെ ഒഴിപ്പിക്കുന്നതിനായി ഇന്ത്യയ്ക്ക് പ്രത്യേക ഇടനാഴി അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസം ഓപ്പറേഷൻ സിന്ധു ദൗത്യത്തിൻറെ ഭാഗമായി ഇറാനിൽനിന്ന് അർമേനിയൻ തലസ്ഥാനമായ യെരാവനിലേക്കു മാറ്റിയ വിദ്യാർഥികളെ ഡൽഹിയിലെത്തിച്ചിരുന്നു. വ്യോമപാതകൾ ഇറാൻ അടച്ച സാഹചര്യത്തിലായിരുന്നു ഇറാനുമായി അതിർത്തി പങ്കിടുന്ന മറ്റു രാജ്യങ്ങളിലേക്ക് ഇന്ത്യൻ പൗരന്മാരെ എത്തിച്ച് അവിടെനിന്ന് ഡൽഹിയിലേക്കു കൊണ്ടുവന്നത്.

# ഇന്ത്യ-ഇംഗ്ലണ്ട് ടെസ്റ്റ് പരമ്പരയ്ക്ക് ഇന്നു തുടക്കം ഇന്ത്യയ്ക്ക് ബാറ്റിംഗ്

ലണ്ടൻ: ഇംഗ്ലണ്ടിനെതിരായ ടെസ്റ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്ക് ബാറ്റിംഗ്.

ലീഡ്സിലെ ഹെഡിംഗ്‌ലി സ്റ്റേഡിയത്തിൽ ടോസ് നേടിയ ഇംഗ്ലീഷ് നായകൻ ബെൻ സ്റ്റോക്സ് ഫീൽഡിംഗ് തെരഞ്ഞെടുക്കുകയായിരുന്നു.

ടെസ്റ്റിൽ ടീം ഇന്ത്യയെ ശുഭ്മാൻ ഗിൽ ആദ്യമായി നയിക്കുന്ന മത്സരമാണിത്. ഇന്ത്യയ്ക്കു വേണ്ടി സായ് സുദർശൻ ടെസ്റ്റ് അരങ്ങേറ്റം കുറിക്കുന്ന മത്സരം കൂടിയാണിത്. മൂന്നാം നമ്പറിലാണ് താരം എത്തുക. മലയാളി താരം കരുൺ നായരും ഇന്ത്യയുടെ പ്ലേയിംഗ് ഇലവനിലുണ്ട്.

ഇന്ത്യ പ്ലേയിംഗ് ഇലവൻ: യശസ്വി ജയ്സ്വാൾ, കെ.എൽ. രാഹുൽ, സായ് സുദർശൻ, ശുഭ്മൻ ഗിൽ (ക്യാപ്റ്റൻ), ഋഷഭ് പന്ത്, കരുൺ നായർ, രവീന്ദ്ര ജഡേജ, ശാർദുൽ താക്കൂർ, പ്രസിദ്ധ് കൃഷ്ണ, ജസ്പ്രിത് ബുംറ, മുഹമ്മദ് സിറാജ്.

ഇംഗ്ലണ്ട് പ്ലേയിംഗ് ഇലവൻ: സാക് ക്രൗളി, ബെൻ ഡക്കറ്റ്, ഒല്ലി പോപ്പ്, ജോ റൂട്ട്, ഹാരി ബ്രൂക്ക്, ബെൻ സ്റ്റോക്സ് (ക്യാപ്റ്റൻ), ജാമി സ്മിത്ത്, ക്രിസ് വോക്സ്, ബ്രൈഡൻ കഴ്സ്, ജോഷ് ടംഗ്, ഷോയിബ് ബഷീർ.

റൺമെഷീൻ വിരാട് കോഹ്‌ലിയും ഹിറ്റ്മാൻ രോഹിത് ശർമയും വിരമിച്ച ശേഷമുള്ള ആദ്യ പരന്പരയാണിത്. അടുത്ത ലോക ടെസ്റ്റ് ചാന്പ്യൻഷിപ്പിനുള്ള തുടക്കം കൂടിയാണിത്. 2007ന് ശേഷം ഇംഗ്ലണ്ടിൽ ഇതുവരെ ഒരു പരന്പര നേടാൻ ഇന്ത്യക്കു സാധിച്ചിട്ടില്ല. സീനിയർ താരങ്ങളുടെ അഭാവത്തിൽ ഗില്ലിൻറെ നേതൃത്വത്തിലിറങ്ങുന്ന യുവനിരയുടെ മുന്നിലുള്ള വെല്ലുവിളി പരന്പര നേട്ടമാണ്.

രോഹിത് ശർമ (368 റൺസ്), കെ.എൽ. രാഹുൽ (315), ചേതേശ്വർ പൂജാര (306), രവീന്ദ്ര ജഡേജ (287), കോഹ്‌ലി (249) എന്നവിരായിരുന്നു കഴിഞ്ഞ ഇംഗ്ലണ്ട് പര്യടനത്തിൽ ഇന്ത്യൻ ബാറ്റിംഗ് കരുത്ത്. രാഹുലും ജഡേജയും മാത്രമാണ് ഇവരിൽ ഇന്നത്തെ ടീമിൽ കളിക്കാനുള്ളത്.

## അന്താരാഷ്ട്ര യോഗ ദിനാചരണം തിരുവനന്തപുരത്ത് കേന്ദ്രമന്ത്രി ഉദ്ഘാടനം ചെയ്യും

തിരുവനന്തപുരം : കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ കീഴിലുള്ള കോവളത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര യോഗ ദിനാചരണം കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണം, ക്ഷീരവികസനം, ന്യൂനപക്ഷകാര്യ സഹമന്ത്രി ശ്രീ ജോർജ്ജ് കുര്യൻ ഉദ്ഘാടനം ചെയ്യും. 2025 ജൂൺ 21 ന് കവടിയാറിലെ ഉദയ് പാലസ് കൺവെൻഷൻ സെന്ററിൽ രാവിലെ ആറ് മണിക്ക് പരിപാടി ആരംഭിക്കും. കോവളം ഐഎച്ച്എംസിടി പ്രിൻസിപ്പൽ ആർ.അനന്തകൃഷ്ണൻ സ്വാഗതം ആശംസിക്കും. തുടർന്ന് പൊതു യോഗ പ്രോട്ടോക്കോൾ സെഷനും നടക്കും.

## പവർ ലിഫ്റ്റിങ്ങിൽ നാഷണൽ മീറ്റിൽ കേരളത്തിലെ പ്രതിനിധികളും

സ്പെഷ്യൽ ഒളിമ്പിക്സ് പവർ ലിഫ്റ്റിംഗ് മത്സരത്തിൽ പങ്കെടുത്ത് സ്വർണ്ണ മെഡൽ നേടിയ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പാങ്ങപ്പാറയിൽ പ്രവർത്തിക്കുന്ന സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ചിഡിലെ വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിലെ വിദ്യാർഥികളായ അലീന മേരി ഡാനിയേലും സഞ്ചു ഹരോൾഡും വിഷ്ണമോഹൻ എം വും വിഷ്ണുവിജയകുമാറും ജൂൺ 27ന് കർണ്ണാടകയിൽ വച്ച് പവർലിഫ്റ്റിംഗ് ഇന്ത്യ നടത്തുന്ന പവർ ലിഫ്റ്റിംഗ് നാഷണൽ മീറ്റിൽ കേരള ടീമിനെ പ്രതിനിധീകരിക്കും.

## പത്തനംതിട്ടയിൽ വൻ തീപിടിത്തം; രണ്ട് കടകൾ കത്തിനശിച്ചു

പത്തനംതിട്ട: തണ്ണിത്തോടുണ്ടായ തീപിടിത്തത്തിൽ രണ്ട് കടകൾ കത്തിനശിച്ചു. വെള്ളിയാഴ്ച പുലർച്ചെ 3.15നുണ്ടായ സംഭവത്തിൽ ജെ & ജെ ഫാൻസി സ്റ്റോർ, ഒലീവ് ബേക്കറി എന്നീ കടകളാണ് കത്തിനശിച്ചത്.

കെട്ടിടത്തിൻറെ മുന്നിൽ പാർക്ക് ചെയ്തിരുന്ന കാറിൻറെ മുൻ ഭാഗം തീപിടിത്തത്തിൽ ഉരുകിപോയി. രണ്ട് യൂണിറ്റ് ഫയർഫോഴ്സെത്തി തീ അണച്ചു.

ലക്ഷങ്ങളുടെ നഷ്ടമുണ്ടായതായും തീപിടിത്തത്തിൻറെ കാരണം അന്വേഷിക്കണമെന്നും വ്യാപാരികൾ പറഞ്ഞു. തീ മറ്റു കടകളിലേക്ക് വ്യാപിക്കുന്നതിനു മുമ്പ് അണച്ചതിനാൽ വൻ ദുരന്തം ഒഴിവായി.

## സൗജന്യ പരീക്ഷാ പരിശീലനം

പട്ടികജാതി വികസന വകുപ്പിന് കീഴിൽ ആലുവ സബ് ജയിൽ റോഡിന് സമീപം പ്രവർത്തിച്ചുവരുന്ന ഗവ. പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്ററിൽ എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ ജില്ലകളിലുള്ള പട്ടികജാതി/പട്ടികവർഗ/ മറ്റർഹ വിഭാഗ വിദ്യാർഥികൾക്ക് എസ്എസ്എൽസി, പ്ലസ് ടു അടിസ്ഥാന യോഗ്യതയാക്കി കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന പരീക്ഷയ്ക്കുള്ള സൗജന്യ പരിശീലന ക്ലാസുകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു.

ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ള ഒ.ബി.സി/ ഒ.ഇ.സി വിഭാഗത്തിൽപ്പെട്ടവർക്ക് 30 ശതമാനം സീറ്റ് അനുവദനീയമാണ്. പരിശീലനത്തിന് തിരഞ്ഞെടുക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് നിയമാനുസൃതം സ്റ്റൈപ്പന്റ് ലഭിക്കും. അപേക്ഷകർ ഫോട്ടോ, ജാതി, വരുമാനം, എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം ജൂലൈ 2 വൈകിട്ട് 5 ന് മുൻപ് ഈ ഓഫീസിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷ ഫോമിന്റെ മാതൃക ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലും, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലും ലഭ്യമാണ്. വിശദവിവരങ്ങൾക്ക്: 0484-2623304, 6282858374.

## സേ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

2025 എസ്.എസ്.എൽ.സി സേ പരീക്ഷാഫലവും ടി.എച്ച്.എസ്.എൽ.സി സേ പരീക്ഷാഫലവും പ്രസിദ്ധീകരിച്ചു. എസ്.എസ്.എൽ.സി സേ പരീക്ഷാഫലം sslcexam.kerala.gov.in ലും ടി.എച്ച്.എസ്.എൽ.സി സേ പരീക്ഷാഫലം thslcexam.kerala.gov.in ലും ലഭ്യമാകും.

# അഹമ്മദാബാദ് വിമാനദുരന്തം: മരിച്ച അഞ്ച് പേരെ കൂടി തിരിച്ചറിഞ്ഞു

അഹമ്മദാബാദ്: വിമാനദുരന്തത്തിൽ മരിച്ച അഞ്ച് പേരെ കൂടി തിരിച്ചറിഞ്ഞു. 220 പേരെയാണ് ഇതുവരെ തിരിച്ചറിഞ്ഞത്. ഇതിൽ 157 പേർ ഇന്ത്യക്കാരും 34 പേർ യുകെ പൗരന്മാരും ഏഴ് പേർ പോർച്ചുഗീസുകാരുമാണ്.

ഇതുവരെ 202 മൃതദേഹങ്ങൾ വിട്ടുനൽകി. അപകടത്തിൽ മരിച്ച മലയാളി നഴ്സ് രഞ്ജിതയുടെ മൃതദേഹം ഇതുവരേയും തിരിച്ചറിഞ്ഞിട്ടില്ല.

അതേസമയം വിമാനത്തിൽ നിന്നും ലഭിച്ച ബ്ലാക്ക് ബോക്സ് എവിടെയാണ് പരിശോധനയ്ക്ക് അയക്കേണ്ടതെന്ന് എയർക്രാഫ്റ്റ് ആക്സിഡൻറ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ തീരുമാനമെടുക്കുമെന്ന് വ്യോമയാന മന്ത്രാലയം വ്യക്തമാക്കി.

രണ്ട് വ്യത്യസ്ത ബ്ലാക്ക് ബോക്സാണ് വിമാനത്തിൽ നിന്ന് കണ്ടെത്തിയത്. വിമാനത്തിൻറെ സുപ്രധാന വിവരങ്ങളടങ്ങിയ ബ്ലാക്ക് ബോക്സിന് സാരമായ കേടുപാടുകളുണ്ടെന്നാണ് വിലയിരുത്തൽ. ഡിജിറ്റൽ ഫ്ളൈറ്റ് ഡാറ്റാ റെക്കോർഡറിനാണ് കേടുപാട് പറ്റിയത്. ജൂൺ 12ന് ഉച്ചയ്ക്ക് 1.39നായിരുന്നു അപകടം.

## എംബാപ്പെ ആശുപത്രിയിൽ: ക്ലബ് ലോകകപ്പ് നഷ്ടമായേക്കും

മിയാമി: റയൽ മാഡ്രിഡിൻറെ സ്റ്റാർ സ്ട്രൈക്കർ ഫ്രഞ്ച് താരം കിലിയൻ എംബാപ്പെയെ ആശുപത്രിയിൽ. ഗ്യാസ്ട്രോ എൻറൈറ്റിസ് ഗുരുതരമായതിനാലാണ് എംബാപെയെ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടി വന്നതെന്ന് സ്പാനിഷ് ക്ലബ് അധികൃതർ വെളിപ്പെടുത്തി.

പനി ബാധിച്ചതിനെ തുടർന്ന് മിയാമിയിൽ നടന്ന ക്ലബ് ലോകകപ്പിലെ അൽ ഹിലാലുമായുള്ള റയലിൻറെ ആദ്യമാച്ചിൽ എംബാപെ കളിച്ചിരുന്നില്ല. താരം ഫിറ്റ് അല്ലെന്നായിരുന്നു കോച്ച് അറിയിച്ചത്.

ഞായറാഴ്ച മെക്സിക്കൻ ക്ലബ്ബ് ആയ പച്ചൂക്കയ്ക്കെതിരെ നടക്കുന്ന രണ്ടാം മത്സരത്തിൽ കിലിയൻ എംബാപെ കളിക്കുമെന്ന് കോച്ച് സാബി അലൻ സോ അറിയിച്ചിരുന്നു.

എന്നാൽ ടൂർണമെൻറിൻ ഒരു മത്സരം പോലും എംബാപെക്ക് കളിക്കാനാകില്ലെന്ന വിരങ്ങളാണ് അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടതിന് ശേഷം നിരവധി പരിശോധനകൾക്ക് താരത്തെ വിധേയനാക്കി.

# ചാവുകടലിന് മുകളിലൂടെയെത്തിയ ഡ്രോണുകൾ തകർത്ത് ഇസ്രയേൽ; ബീർഷെബയിൽ ഇറാൻ ആക്രമണം

ടെൽ അവീവ്: ഇസ്രയേൽ- ഇറാൻ സംഘർഷം രൂക്ഷമായി തുടരവേ ഏറ്റുമുട്ടലിൻറെ പുതിയ വിവരങ്ങൾ പുറത്ത്. ഇന്നു പുലർച്ചെ ഇറാൻ നടത്തിയ വ്യോമാക്രമണ പരമ്പരയെ വിജയകരമായി തകർത്തെന്ന് ഇസ്രയേൽ അവകാശപ്പെട്ടു. പുലർച്ചെ മൂന്നോടെ ചാവുകടലിനു മുകളിലൂടെയെത്തിയ ഇറാൻറെ മൂന്ന് ഡ്രോണുകളും തകർത്തതായി ഇസ്രയേൽ സൈന്യം അറിയിച്ചു.

കൂടാതെ, ഇറാൻറെ മിസൈൽ വിക്ഷേപണ പ്ലാറ്റ്ഫോം വ്യോമാക്രമണത്തിൽ തകർത്തെന്നും കമാൻഡറെ കൊലപ്പെടുത്തിയെന്നും ഇസ്രയേൽ സൈന്യം പറഞ്ഞു.

അതേസമയം, ഇസ്രയേൽ നഗരമായ ബീർഷെബ ലക്ഷ്യമാക്കി ഇറാൻ നടത്തിയ മിസൈൽ ആക്രമണത്തിൽ കെട്ടിടങ്ങൾക്കും വാഹനങ്ങൾക്കും നാശനഷ്ടം സംഭവിച്ചു. ഗാവ് യാം നെഗെവ് അഡ്വാൻസ്ഡ് ടെക്നോളജീസ് പാർക്കിലെ മൈക്രോസോഫ്റ്റ് ഓഫീസിനും കേടുപാടുകൾ സംഭവിച്ചു.

ഇസ്രേലി സൈന്യത്തിൻറെ സി4ഐ ബ്രാഞ്ച് കാമ്പസിനോടു ചേർന്നാണ് ടെക് പാർക്ക് സ്ഥിതി ചെയ്യുന്നതെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ആക്രമണത്തിൽ ഏഴ് പേർക്ക് പരിക്കേറ്റിട്ടുണ്ട്. കേടുപാടുകളുണ്ടായതിനാൽ ഇസ്രയേലിലെ മധ്യ റെയിൽവേ സ്റ്റേഷൻ താത്കാലികമായി അടച്ചിട്ടതായും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

അതിനിടെ വടക്കൻ ഇറാനിലെ ഒരു വ്യാവസായിക മേഖലയ്ക്ക് സമീപം ഇസ്രയേൽ സ്ഫോടനം നടത്തിയതായി റിപ്പോർട്ടുണ്ട്. പ്രദേശത്തുനിന്ന് ആളുകളോട് ഒഴിഞ്ഞുപോവാൻ നിർദേശം നൽകിയതിനു പിന്നാലെയായിരുന്നു ആക്രമണം.

## കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വൈജ്ഞാനികപുരസ്കാരം 2025 - ജൂലൈ 15 വരെ അപേക്ഷിക്കാം

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ എൻ. വി. കൃഷ്ണവാരിയർ സ്മാരക വൈജ്ഞാനികപുരസ്കാരം, ഡോ. കെ.എം.ജോർജ്ജ് സ്മാരക ഗവേഷണപുരസ്കാരം, (ശാസ്ത്രം/ശാസ്ത്രേതരം), എം. പി. കുമാരൻ സ്മാരക വിവർത്തനപുരസ്കാരം എന്നിവയ്ക്കായി 2025 ജൂലൈ 15 വരെ അപേക്ഷിക്കാമെന്ന് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എം. സത്യൻ അറിയിച്ചു. 2024 ജനുവരി 1 മുതൽ ഡിസംബർ 31 വരെ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ചിട്ടുള്ള മൗലികകൃതികളും അവാർഡ് ചെയ്യപ്പെട്ടിട്ടുള്ള പി. എച്ച്. ഡി ഗവേഷണ പ്രബന്ധങ്ങളുമാണ് പുരസ്കാരങ്ങൾക്കായി പരിഗണിക്കുക. ഗ്രന്ഥകർത്താക്കൾ, അവരുടെ ബന്ധുക്കൾ, സുഹൃത്തുക്കൾ, പ്രസാധകർ, സാഹിത്യസാംസ്കാരിക സംഘടനകൾ എന്നിവർക്ക് അവാർഡ് പരിഗണനയ്ക്കുള്ള കൃതികൾ/ ഗവേഷണ പ്രബന്ധങ്ങൾ അയച്ചുതരാം.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# മഞ്ഞുമ്മൽ ബോയ്സ് സാമ്പത്തിക തട്ടിപ്പ് കേസ്: സൗബിൻ ഇന്നു ഹാജരാകില്ല, സമയം നീട്ടി നൽകി

കൊച്ചി: മഞ്ഞുമ്മൽ ബോയ്സ് സാമ്പത്തിക തട്ടിപ്പ് കേസിൽ നടൻ സൗബിൻ ഷാഹിർ ഇന്ന് ഹാജരാകില്ല. താരത്തിന് അന്വേഷണ സംഘത്തിന് മുന്നിൽ ഹാജരാകാനുള്ള സമയം നീട്ടിനൽകിയെന്ന് പോലീസ് അറിയിച്ചു. ഈ മാസം 27നു ഹാജരാകാൻ നിർദേശം നൽകിയിട്ടുണ്ട്.

കേസ് റദ്ദാക്കണമെന്ന നിർമാതാക്കളുടെ ആവശ്യം നേരത്തേ ഹൈക്കോടതി തള്ളിയിരുന്നു. കേസിൽ പോലീസിന് അന്വേഷണം തുടരാമെന്നും ഹൈക്കോടതി വ്യക്തമാക്കി. കേസിൽ നിർമാതാക്കൾക്കെതിരേ പോലീസ് അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

സിനിമയുടെ ലാഭവിഹിതം നൽകിയില്ലെന്ന അരൂർ സ്വദേശി സിറാജ് വലിയതറ ഹമീദിൻറെ പരാതിയിലാണ് നിർമാതാക്കളായ ഷോൺ ആൻറണി, സൗബിൻ ഷാഹിർ, ബാബു ഷാഹിർ എന്നിവർക്കെതിരെ കേസെടുത്ത് അന്വേഷണം ആരംഭിച്ചത്. സിനിമയ്ക്കായി പലപ്പോഴായി മുടക്കിയ ഏഴുകോടി രൂപയോ ലാഭവിഹിതമോ തിരിച്ചുനൽകിയില്ലെന്നായിരുന്നു സിറാജിൻറെ പരാതി. തുടർന്ന് ഇതിൽ അന്വേഷണത്തിന് എറണാകുളം മജിസ്ട്രേറ്റ് കോടതി ഉത്തരവിട്ടു.ക്രിമിനൽ ഗൂഢാലോചന, വിശ്വാസവഞ്ചന, വ്യാജരേഖ ചമയ്ക്കൽ തുടങ്ങി ജാമ്യമില്ലാ വകുപ്പുകളാണ് നിർമാതാക്കൾക്കെതിരെ ചുമത്തിയത്.



ഡിജി ഗവേണൻസ് നോളജ് എക്സ്ചേഞ്ച് സമ്മിറ്റിൽ മുഖ്യമന്ത്രി പിണറായി വിജയൻ സംസാരിക്കുന്നു

# നിലമ്പൂരിൽ എൽഡിഎഫ് വലിയ വിജയം നേടുമെന്ന് എം.വി. ഗോവിന്ദൻ

തിരുവനന്തപുരം: നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ എൽഡിഎഫ് നല്ല രാഷ്ട്രീയപോരാട്ടം നടത്തിയെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ. വലിയ വിജയം എൽഡിഎഫിനുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.രാഷ്ട്രീയമൊന്നും പറയാനില്ലാതിരുന്ന യുഡിഎഫ് നാടകങ്ങൾ സൃഷ്ടിക്കുകയാണ് ചെയ്തത്. രാഷ്ട്രീയമുദ്രാവാക്യമുയർത്തി പ്രവർത്തിക്കാൻ യുഡിഎഫിനായില്ല. കണ്ണിൽ പൊടിയിടാനുള്ള യുഡിഎഫിൻറെ ശ്രമങ്ങളെ ജനങ്ങൾ തള്ളിക്കളഞ്ഞെന്നും ഗോവിന്ദൻ പറഞ്ഞു.

തെരഞ്ഞെടുപ്പിൽ എൽഡിഎഫ് നല്ല പ്രവർത്തനം കാഴ്ചവെച്ചു. മതനിരപേക്ഷ ഉള്ളടക്കത്തെ ഉയർത്തിക്കാണിക്കാനും വർഗീയകൂട്ടുകെട്ടുകളെ തുറന്നുകാണിക്കാനും സാധിച്ചു. എം. സ്വരാജിൻറെ സ്ഥാനാർഥി പ്രഖ്യാപനം മുതൽ കേരളത്തിലും നിലമ്പൂരിലും വലിയ സ്വീകാര്യതയാണ് നേടാനായതെന്നും ഗോവിന്ദൻ പറഞ്ഞു.

# സിനിമാപ്രവർത്തകർ ലഹരി ഉപയോഗിക്കില്ലെന്ന് സത്യവാംഗ്മൂലം നൽകണമെന്ന് നിർമാതാക്കളുടെ സംഘടന

കൊച്ചി: സിനിമാപ്രവർത്തകരിൽനിന്ന് ലഹരി ഉപയോഗിക്കില്ലെന്ന് സത്യവാംഗ്മൂലം എഴുതി വാങ്ങാൻ നിർമാതാക്കളുടെ സംഘടന. സിനിമ ചിത്രീകരണ സമയത്തോ അതുമായി ബന്ധപ്പെട്ട താമസിക്കുന്ന സ്ഥലങ്ങളിലോ ലഹരി ഉപയോഗിക്കില്ലെന്നാണ് എഴുതി നൽകേണ്ടത്.

നടീനടന്മാർ അടക്കം എല്ലാവർക്കും ഇത് ബാധകമാണെന്നും സംഘടന അറിയിക്കുന്നു. വേതന കരാറിനൊപ്പം ഈ സത്യവാംഗ്മൂലം കൂടി നിർബന്ധമാക്കിയേക്കും. ലഹരി വിരുദ്ധ ദിനമായ ജൂൺ 26 മുതൽ നിബന്ധന നടപ്പിൽ വരുത്തുമെന്നും നിർമാതാക്കളുടെ സംഘടന വ്യക്തമാക്കി. സിനിമയുമായി ബന്ധപ്പെട്ട് ജോലി എല്ലാവരിൽ നിന്നും ഈ സത്യവാംഗ്മൂലം എഴുതി വാങ്ങും.

# റേഷൻ മണ്ണെണ്ണ വിതരണം ശനിയാഴ്ച മുതൽ

തിരുവനന്തപുരം: സംസ്ഥാനത്തെ മണ്ണെണ്ണ വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അവസാനിച്ചെന്ന് ഭക്ഷ്യ-പൊതുവിതരണ മന്ത്രി ജി.ആർ. അനിൽ. ശനിയാഴ്ച മുതൽ മണ്ണെണ്ണ വിതരണം ആരംഭിക്കും. റേഷൻ പ്രതിനിധികളുമായി ചർച്ച നടത്തിയതായും മന്ത്രി വ്യക്തമാക്കി.

കഴിഞ്ഞ കുറെ വർഷങ്ങളായി സംസ്ഥാനത്തിനുള്ള മണ്ണെണ്ണയിൽ കേന്ദ്രം കുറവു വരുത്തുകയാണെന്നും അദ്ദേഹം പറഞ്ഞു.

ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് 61 രൂപയാണ്. 5,676 കിലോ ലിറ്റർ മണ്ണെണ്ണ ഈ വർഷത്തെ ആദ്യപാദത്തിലേക്ക് അനുവദിച്ചിട്ടുണ്ട്. വൈദ്യുതി ഇല്ലാത്ത കുടുംബങ്ങൾക്ക് ആറ് ലിറ്റർ മണ്ണേണ്ണയും എഎവൈ കാർഡുകാർക്ക് ഒരു ലിറ്ററും ലഭിക്കും.

മറ്റ് കാർഡുകാർക്ക് അര ലിറ്റർ വീതവുമാണ് മണ്ണെണ്ണ ലഭിക്കുക. മണ്ണെണ്ണ വിഹിതത്തിലെ കുറവുമൂലം മൊത്ത വ്യാപാര ഡിപ്പോകൾ പലതും ഒരു വർഷത്തിലധികമായി പ്രവർത്തനരഹിതമായിരുന്നു.

# കണ്ണൂരിൽ സ്വകാര്യ ബസുകൾ കൂട്ടിയിടിച്ച് അറുപതോളം പേർക്ക് പരിക്ക്

പയ്യോളി: കണ്ണൂരിൽ നന്തി മേൽപ്പാലത്തിൽവച്ച് സ്വകാര്യബസുകൾ കൂട്ടിയിടിച്ച് അറുപതോളം പേർക്ക് പരിക്ക്. ഇന്ന് ഉച്ചയ്ക്കുശേഷമായിരുന്നു അപകടം.

കോഴിക്കോട്ട്നിന്ന് ഇരിട്ടിയിലേക്ക് പോകുന്ന ബസിലേയ്ക്ക് കണ്ണൂരിൽ നിന്ന് കോഴിക്കോട്ടേയ്ക്ക് വരികയായിരുന്ന ബസ് വന്ന് ഇടിക്കുകയായിരുന്നു. അപകടത്തിൽ ഇരു ബസുകളുടേയും മുൻവശം തകർന്നു.

പരിക്കേറ്റ നാല് പേരെ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലും ആറ് പേരെ കൊയിലാണ്ടി സർക്കാർ ആശുപത്രിയിലും 50 പേരെ നന്തിയിലെ സ്വകാര്യ ആശുപത്രിയിലും പ്രവേശിപ്പിച്ചു.

# സൗണ്ട് എൻജിനിയർ നിയമനം

തിരുവനന്തപുരം ശ്രീ സ്വാതി തിരുനാൾ സർക്കാർ സംഗീത കോളേജിലെ റെക്കോർഡിംഗ് തിയേറ്ററിൽ സൗണ്ട് എൻജിനിയറിങ്ങിൽ ബിരുദം/ ഡിപ്ലോമയും ലോജിക് പ്രോ (അുഹല) സോഫ്റ്റ്വെയർ, ലൈവ് സൗണ്ട് എന്നീ മേഖലകളിൽ ഒരു വർഷത്തെ പ്രവൃത്തി പരിചയവുമുള്ള ഒരു സൗണ്ട് എൻജിനിയറെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നു. 32,550 രൂപയാണ് പ്രതിമാസ ശമ്പളം. താൽപ്പര്യമുള്ള ഉദ്യോഗാർഥികൾ കോളേജിൽ വച്ച് നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കുന്നതിനായി അസ്സൽ സർട്ടിഫിക്കറ്റുകൾ, പ്രവൃത്തി പരിചയം സാക്ഷ്യപ്പെടുത്തിയത്, മറ്റ് അനുബന്ധരേഖകൾ സഹിതം ജൂലൈ 3ന് രാവിലെ 10ന് ഹാജരാക്കേണ്ടതാണ്.

# പോത്തിറച്ചി മ്ലാവിറച്ചിയാക്കി യുവാവിനെ ജയിലിലിട്ട സംഭവം; മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു

തൃശൂർ: മ്ലാവിറച്ചി വിറ്റെന്ന പേരിൽ ചാലക്കുടി സ്വദേശി സുജേഷ് കണ്ണനെ വനംവകുപ്പ് അറസ്റ്റ് ചെയ്തു 39 ദിവസം തടവിൽ പാർപ്പിച്ച സംഭവത്തിൽ മനുഷ്യാവകാശ കമ്മീഷൻ വി. ഗീത സ്വമേധയാ കേസെടുത്തു. മ്ലാവിറച്ചിയെന്ന പേരിലായിരുന്നു അറസ്റ്റെങ്കിലും ഫോറൻസിക് പരിശോധനയിൽ പോത്തിറച്ചിയാണെന്നു കണ്ടെത്തിയതോടെയാണു നടപടി.

ചാലക്കുടി ഡിഎഫ്ഒ 15 ദിവസത്തിനകം അന്വേഷിച്ചു വിശദീകരണം നൽകണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. താൻ മറ്റൊരാൾക്കു നൽകിയെന്നു പറയപ്പെടുന്ന ഇറച്ചി പോത്തിൻറേതെന്നു തെളിഞ്ഞെന്നു സുജേഷ് പറഞ്ഞു.

ഇരിങ്ങാലക്കുട സബ്ജയിലിലാണു സുജേഷിനെ പാർപ്പിച്ചത്. ജയിൽജീവിതം തൊഴിലും ജീവിതവും നശിപ്പിച്ചു. ഹൈക്കോടതിയിൽനിന്നാണു ജാമ്യം കിട്ടിയത്.

കഴിഞ്ഞവർഷം ഒക്ടോബർ ഒന്നിനാണു വനംവകുപ്പ് സുജേഷിനെ അറസ്റ്റ് ചെയ്തത്. റിപ്പോർട്ട് ലഭിച്ചാൽ കൂടുതൽ നടപടികളിലേക്കു കടക്കുമെന്നു കമ്മീഷൻ അറിയിച്ചു.

# തരൂർ താരപ്രചാരകരുടെ പട്ടികയിൽ ഉണ്ടായിരുന്നു; ആരെയും പ്രത്യേകമായി ക്ഷണിച്ചില്ലെന്ന് സണ്ണി ജോസഫ്

തിരുവനന്തപുരം: നിലമ്പൂരിൽ പ്രചാരണത്തിന് പോകാഞ്ഞത് തന്നെ ക്ഷണിക്കാത്തതുകൊണ്ടാണെന്ന ശശി തരൂരിൻറെ പ്രസ്താവനയ്ക്ക് മറുപടിയുമായി കെപിസിസി പ്രസിഡൻറ് സണ്ണി ജോസഫ്. നിലമ്പൂരിലേക്ക് ആർക്കും പ്രത്യേക ക്ഷണമില്ലായിരുന്നു. തരൂർ താരപ്രചാരകരുടെ പട്ടികയിൽ ഉണ്ടായിരുന്നെന്ന് സണ്ണി ജോസഫ് പ്രതികരിച്ചു.

എ.കെ.ആൻറണി ഒഴികെയുള്ള എല്ലാവരും നിലമ്പൂരിൽ എത്തി. തെരഞ്ഞെടുപ്പ് സമയത്ത് തരൂർ വിദേശത്തായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് പ്രചാരണത്തിന് തന്നെ പരിഗണിച്ചില്ലെന്ന തരൂരിൻറെ വാദം ശരിയല്ലെന്ന് വ്യക്തമാക്കി കോൺഗ്രസിൻറെ താരപ്രചാരകരുടെ പട്ടിക വ്യാഴാഴ്ച തന്നെ പുറത്തുവന്നിരുന്നു. കോൺഗ്രസ് തെരഞ്ഞെടുപ്പ് കമ്മീഷന് നൽകിയ താരപ്രചാരകരുടെ പട്ടികയിൽ എട്ടാമതായി തരൂരിൻറെ പേരുണ്ടായിരുന്നു.

ജൂൺ രണ്ടിന് പുറത്തിറക്കിയ 40 പേരുടെ പട്ടികയിലാണ് തരൂരിൻറെ പേരുമുള്ളത്. കെസി വേണുഗോപാൽ, പ്രിയങ്ക ഗാന്ധി, ദീപാദാസ് മുൻഷി, അഡ്വ സണ്ണി ജോസഫ്, രമേശ് ചെന്നത്തല, കെ സുധാകരൻ എന്നിവർക്ക് തൊട്ടുതാഴെയാണ് ശശി തരൂരിൻറെ പേര്.

നിലമ്പൂരിൽ പ്രചാരണത്തിന് പോകാത്തത് തന്നെ ക്ഷണിക്കാത്തതുകൊണ്ടാണെന്ന് തരൂർ മാധ്യമങ്ങളോട് പ്രതികരിച്ചിരുന്നു. വോട്ടെടുപ്പ് നടക്കുന്ന ദിവസം കൂടുതൽ പറഞ്ഞ് പാർട്ടിയെ പ്രതിസന്ധിയിലാക്കുന്നില്ല. വോട്ടെടുപ്പിന് ശേഷം വിശദമായി സംസാരിക്കാമെന്നും തരൂർ പറഞ്ഞിരുന്നു.

# ഇറാനെതിരായ ആക്രമണം; ഇസ്രയേലിന് ആരുടെയും സഹായം ആവശ്യമില്ല: നെതന്യാഹു

ടെൽ അവീവ്: ഇറാനെതിരായ ആക്രമണത്തിൽ ഇസ്രയേലിന് ആരുടെയും സഹായം ആവശ്യമില്ലെന്ന് ബെഞ്ചമിൻ നെതന്യാഹു. ഇറാനിലെ അധികാര മാറ്റം ഔദ്യോഗികമായി ഇസ്രയേൽ ലക്ഷ്യമിടുന്നില്ല.

പക്ഷെ അന്തിമ ഫലം അതായിരിക്കും. അധികാര മാറ്റത്തെ കുറിച്ച് ഇറാനിലെ ജനങ്ങൾ തന്നെ തീരുമാനം എടുക്കട്ടേയെന്നും ഇസ്രയേലി പ്രധാനമന്ത്രി പറഞ്ഞു. ഇറാൻറെ ആണവ ശേഷി നിർവീര്യമാക്കാൻ തങ്ങൾ ഒറ്റയ്ക്ക് പ്രവർത്തിക്കും.

അമേരിക്ക പിന്തുണയ്ക്കുന്ന കാര്യം പ്രസിഡൻറ് ട്രംപിൻറെ തീരുമാനമാണെന്നും അദ്ദേഹം പറഞ്ഞു. അതേസമയം ഇറാൻ ഇസ്രയേൽ സംഘർഷത്തിൽ അമേരിക്ക ഇടപെടണോ എന്നതിൽ രണ്ടാഴ്ചയ്ക്കുള്ളിൽ തീരുമാനമുണ്ടാകുമെന്ന് വൈറ്റ് ഹൗസ് അറിയിച്ചു.

സൈനിക നടപടിക്ക് മുമ്പ് നയതന്ത്ര ശ്രമം തുടരുമെന്ന് ട്രംപും അറിയിച്ചിട്ടുണ്ട്. ഇറാൻ നിരുപാധികം കീഴടങ്ങണമെന്ന് കഴിഞ്ഞ ദിവസം ട്രംപ് പറഞ്ഞിരുന്നു.

# പത്തനംതിട്ടയിലെ നവജാതശിശുവിൻറെ മരണം: 21കാരിയായ അമ്മ അറസ്റ്റിൽ

പത്തനംതിട്ട: മെഴുവേലിയിൽ നവജാതശിശു മരിച്ച സംഭവത്തിൽ അമ്മയായ 21 കാരിയുടെ അറസ്റ്റ് രേഖപ്പെടുത്തി. ചെങ്ങന്നൂരിലെ ആശുപത്രിയിൽ ചികിത്സയിലായിരുന്ന പെൺകുട്ടിയെ ഇലവുംതിട്ട പോലീസ് ആശുപത്രിയിൽവച്ച് തന്നെ അറസ്റ്റ് ചെയ്യുകയായിരുന്നു. തുടർന്ന് പോലീസ് സ്റ്റേഷനിൽ എത്തിച്ച യുവതിയെ ചോദ്യം ചെയ്യൽ തുടരുകയാണ്. നവജാത ശിശുവിൻറെ മരണകാരണം തലയ്ക്കേറ്റ ക്ഷതമാണെന്ന പോസ്റ്റ്മോർട്ടം റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ യുവതിക്കെതിരേ കൊലക്കുറ്റം ചുമത്തിയിട്ടുണ്ട്.

ചേമ്പിലയിൽ പൊതിഞ്ഞു വലിച്ചെറിഞ്ഞ നിലയിലാണ് കഴിഞ്ഞ ദിവസം നവജാത ശിശുവിൻറെ മൃതദേഹം മെഴുവേലിയിൽ നിന്ന് ഇലവുംതിട്ട പോലീസ് കണ്ടെത്തിയത്. മൃതദേഹത്തിന് മൂന്നുദിവസത്തെ പഴക്കമുണ്ടായിരുന്നു.

അവിവാഹിതയായ യുവതി വീട്ടിൽ പ്രസവിച്ചശേഷം കുഞ്ഞിനെ ഉപേക്ഷിച്ചുവെന്നാണ് പ്രാഥമിക വിലയിരുത്തൽ. കുട്ടിയെ നശിപ്പിക്കാനുള്ള ഉദ്ദേശ്യത്തോടെ യുവതി നീങ്ങിയെന്നും പോലീസ് കരുതുന്നു. ഇക്കാര്യത്തിൽ കൃത്യത വരുത്തുന്നതിലേക്കായി വിശദമായ ചോദ്യംചെയ്യൽ വേണ്ടിവരുമെന്ന് അന്വേഷണ ഉദ്യോഗസ്ഥർ പറഞ്ഞു.

# കായലോട്ടെ യുവതിയുടെ മരണം; പ്രതികൾക്കെതിരേ ആത്മഹത്യാ പ്രേരണാക്കുറ്റം ചുമത്തി

കണ്ണൂർ: സദാചാര ഗുണ്ടായിസൻറെ പേരിൽ യുവതി ജീവനൊടുക്കിയ സംഭവത്തിൽ പ്രതികൾക്കെതിരേ ആത്മഹത്യാ പ്രേരണാക്കുറ്റം ചുമത്തിയെന്ന് കണ്ണൂർ സിറ്റി പോലീസ് കമ്മീഷണർ നിതിൻ രാജ്. റസീനയുടെ ആത്മഹത്യാകുറിപ്പ് കണ്ടെത്തിയെന്ന് അദ്ദേഹം അറിയിച്ചു.

സുഹൃത്തുമായി സംസാരിച്ച് നിൽക്കുമ്പോൾ ഒരു സംഘം ഭീഷണിപ്പെടുത്തിയെന്ന് ആത്മഹത്യാകുറിപ്പിൽ പറയുന്നു. യുവതിയുടെയും സുഹൃത്തിൻറെയും കൈയിൽനിന്ന് പിടിച്ചെടുത്ത മൊബൈൽ ഫോൺ അടക്കമുള്ളവ പ്രതികളിൽനിന്ന് പോലീസ് കണ്ടെടുത്തു. അറസ്റ്റിലായവർ ഒരാൾ റസീനയുടെ ബന്ധുവാണെന്നും പോലീസ് അറിയിച്ചു.

റസീന മൻസിലിൽ റസീനയെയാണ് (40) ചൊവ്വാഴ്ച വീടിനുള്ളിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയത്. സംഭവത്തിൽ പറമ്പായി സ്വദേശികളായ എം.സി. മൻസിലിൽ വി.സി. മുബഷീർ (28), കണിയാൻറെ വളപ്പിൽ കെ.എ. ഫൈസൽ (34), കൂടത്താൻകണ്ടി ഹൗസിൽ വി.കെ. റഫ്നാസ് (24) എന്നിവരെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു.

ആത്മഹത്യക്കുറിപ്പിൽ നിന്ന് കിട്ടിയ സൂചനയുടെ അടിസ്ഥാനത്തിലായിരുന്നു അറസ്റ്റ്. ഇവർ എസ്ഡിപിഐ പ്രവർത്തകരാണെന്ന് പോലീസ് അറിയിച്ചു.

ഞായറാഴ്ച വൈകീട്ട് മൂന്നോടെ കായലോട് അച്ചങ്കര പള്ളിക്കു സമീപം കാറിനരികിൽ റസീന സുഹൃത്തിനോട് സംസാരിച്ചു നിൽക്കുന്നത് അറസ്റ്റിലായവർ ഉൾപ്പെടെയുള്ള സംഘം ചോദ്യം ചെയ്തു. യുവതിയെ വീട്ടിലേക്ക് പറഞ്ഞയച്ചശേഷം മയ്യിൽ സ്വദേശിയായ സുഹൃത്തിനെ കൈയ്യേറ്റം ചെയ്യുകയും സമീപത്തുള്ള മൈതാനത്തേക്ക് കൊണ്ടു പോകുകയുമായിരുന്നു.

# യൂറോപ്യൻ ശക്തികളും ഇറാനും തമ്മിൽ ആണവചർച്ച ഇന്ന്

ബെർലിൻ: യൂറോപ്യൻ വൻശക്തികളായ ജർമനി, ഫ്രാൻസ്, ബ്രിട്ടൻ എന്നിവർ ഇന്ന് ഇറാനുമായി ആണവ ചർച്ച നടത്തിയേക്കുമെന്ന് റിപ്പോർട്ട്.

മൂന്നു രാജ്യങ്ങളുടെയും വിദേശകാര്യമന്ത്രിമാർ ഇന്ന് ജനീവയിൽ, ഇറേനിയൻ വിദേശകാര്യമന്ത്രി അബ്ബാസ് അരാഗ്ചിയുമായി കൂടിക്കാഴ്ച നടത്തുമെന്നാണ് ജർമൻ വൃത്തങ്ങൾ സൂചിപ്പിച്ചത്.

യൂറോപ്യൻ മന്ത്രിമാർ ഇതിനു മുന്പായി യൂറോപ്യൻ യൂണിയൻ വിദേശനയ മേധാവി കയാ കല്ലാസുമായും ചർച്ച നടത്തും.

ഇറാൻ-ഇസ്രയേൽ സംഘർഷത്തിനു തടയിടുക ലക്ഷ്യമിട്ടാണ് യൂറോപ്യൻ ശക്തികളുടെ നീക്കം. അമേരിക്കയും ആക്രമണത്തിൽ പങ്കെടുത്തേക്കുമെന്ന റിപ്പോർട്ടുകൾക്കിടെയാണ് ജനീവയിൽ അടിയന്തര ചർച്ചയ്ക്കു കളമൊരുങ്ങിയത്. ചർച്ചയ്ക്ക് അമേരിക്കൻ പിന്തുണയുണ്ടെന്നാണു സൂചന. അണ്വായുധം നിർമിക്കില്ലെന്ന ഉറപ്പ് ഇറാനിൽനിന്നു നേടി പ്രശ്നം പരിഹരിക്കാനുള്ള നീക്കമാണു നടക്കുന്നതെന്നും പറയുന്നു. ഇറാൻറെ ആണവപദ്ധതികൾ നശിപ്പിക്കാൻ വേണ്ടിയാണ് ഇസ്രയേൽ ആക്രമണം നടത്തുന്നത്.ആണവപദ്ധതികൾ സമാധാന ആവശ്യത്തിനാണെന്ന ഇറാൻറെ വാദം ഇസ്രയേലും പാശ്ചാത്യശക്തികളും അംഗീകരിക്കുന്നില്ല.

# തിരുവനന്തപുരത്ത് മന്ത്രി ശിവൻകുട്ടിക്ക് നേരെ കരിങ്കൊടി പ്രതിഷേധം

തിരുവനന്തപുരം: രാജ്ഭവനിൽ ഭാരതാംബയുടെ ചിത്രം വച്ച ചടങ്ങ് ബഹിഷ്കരിച്ച സംഭവത്തിൽ മന്ത്രി ശിവൻകുട്ടിക്ക് നേരെ തിരുവനന്തപുരത്ത് കരിങ്കൊടി പ്രതിഷേധം. എബിവിപി സംസ്ഥാന സെക്രട്ടറി ഈശ്വരപ്രസാദ് അടക്കമുള്ളവരാണ് കരിങ്കൊടി കാട്ടിയത്.

മന്ത്രിയുടെ വാഹനവ്യൂഹം കടന്നുപോകുന്നതിനിടെ പ്രവർത്തകർ കരിങ്കൊടി വീശുകയായിരുന്നു. പ്രതിഷേധത്തെ തുടർന്ന് കുറച്ചുനേരത്തേക്ക് മന്ത്രിയുടെ വാഹനവ്യൂഹം റോഡിൽ നിർത്തിയിട്ടു. പ്രതിഷേധക്കാരെ മാറ്റിയ ശേഷമാണ് പിന്നീട് യാത്ര തുടർന്നത്. വ്യാഴാഴ്ചയാണ് കാവിക്കൊടിയേന്തിയ ഭാരതാംബയുടെ ചിത്രം വച്ചതിനെ തുടർന്ന് രാജ്ഭവനിൽ നടന്ന സ്കൗട്ട് ആൻഡ് ഗൈഡ് സർട്ടിഫിക്കറ്റ് വിതരണ ചടങ്ങ് വിദ്യാഭ്യാസമന്ത്രി വി.ശിവൻകുട്ടി ബഹിഷ്കരിച്ചത്. ഭാരതാംബ ചിത്രത്തിൽ പുഷ്പാർച്ചന നടത്തിയതിലും താൻ എത്തുന്നതിന് മുമ്പ് പരിപാടി തുടങ്ങിയതിലും മന്ത്രി പ്രതിഷേധം അറിയിച്ചു. വിദ്യാർഥികൾക്ക് ആശംസ അറിയിച്ച ശേഷം മന്ത്രി പരിപാടിയിൽനിന്ന് ഇറങ്ങിപ്പോവുകയായിരുന്നു

# അക്കാദമിക് മാസ്റ്റർ പ്ലാൻ സ്കൂൾ വിക്കിയിൽ അപ്ലോഡ്ചെയ്യാം

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾ തയ്യാറാക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ സ്കൂൾവിക്കിയിൽ അപ്ലോഡ് ചെയ്യാൻ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) സംവിധാനം ഒരുക്കി. അതത് സ്കൂളിന്റെ സ്കൂൾ വിക്കി പേജിലെ പ്രോജക്ടുകൾ എന്ന വിഭാഗത്തിൽ 'അക്കാദമിക് മാസ്റ്റർ പ്ലാൻ' എന്ന ലിങ്കിലാണ് പിഡിഎഫ് രൂപത്തിൽ സ്കൂളുകൾ മാസ്റ്റർ പ്ലാനുകൾ അപ്ലോഡ് ചെയ്യേണ്ടത്. ഇതോടെ ആദ്യമായി സംസ്ഥാനത്തെ 13,000 ഓളം സ്കൂളുകളുടെ അക്കാദമിക് മാസ്റ്റർ പ്ലാൻ പൊതുജനങ്ങൾക്കും www.schoolwiki.in പോർട്ടലിലൂടെ കാണാൻ അവസരം ലഭിക്കും. നേരത്തെ കലോൽസവ രചനകൾ, ഡിജിറ്റൽ മാഗസിനുകൾ, കായികോത്സവ ചിത്രങ്ങൾ, ലിറ്റിൽ കൈറ്റ്സ്, അക്ഷരവൃക്ഷം, കുഞ്ഞെഴുത്തുകൾ തുടങ്ങി 1.7 ലക്ഷത്തോളം ലേഖനങ്ങൾ സ്കൂൾവിക്കിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# സീനിയർ റസിഡന്റ് ഒഴിവ്

കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ ജനറൽ സർജറി, ഡെർമറ്റോളജി & വെനറോളജി, റേഡിയോ ഡയഗ്നോസിസ് എന്നീ വിഭാഗങ്ങളിലെ സീനിയർ റസിഡന്റ് തസ്തികയിലെ ഒഴിവുകളിലേക്ക് താൽക്കാലിക അടിസ്ഥാനത്തിൽ വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. വിശദവിവരങ്ങൾക്ക്: www.gmckollam.edu.in.